# മഴവില്ല്

## മലയാള പാഠാവലി (ഭാഗം - 4)

*പദങ്ങൾ കണ്ടെത്തി അടിവരയിടൽ, ഒന്നിലധികം പദങ്ങൾ ചേർന്നുണ്ടായ ഒറ്റപദംകണ്ടെത്തി വികസിതരൂപമെഴുതൽ, ചോദ്യനിർമാണം, ഉത്തരം കണ്ടെത്തി എഴുതൽ (പറയാം, എഴുതാം), ബണ്ഡിക പൂർണമാക്കൽ, വാക്യങ്ങൾ ക്രമീകരിക്കൽ, ഒന്നിന് ഒത്തിരി (പര്യായ പദങ്ങൾ), എതിർപദങ്ങൾ കണ്ടെത്തി എഴുതൽ, ഒറ്റപ്പദമാക്കൽ, അക്ഷരക്കളത്തിൽ നിന്ന് പദനിർമാണം തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം പഠിതാവിന് വായനയിലേക്ക് കൈപിടിച്ച് നടത്താനുള്ളതാണ്.*

*പദമൂല, പദപ്രശ്നം - പഠിതാക്കളുടെ അന്വേഷിച്ചുകണ്ടെത്താനുള്ള കഴിവ് വർദ്ധിപ്പിക്കാൻ വേണ്ടിയുള്ളതാണ്. ചോദ്യനിർമാണം, ഉത്തരം കണ്ടെത്തി എഴുതൽ, ലഘുവിവരണം തയ്യാറാക്കൽ, കവിത പൂർണമാക്കൽ തുടങ്ങിയവയെല്ലാം പഠിതാവിനെ സ്വയം എഴുത്തിലേക്ക് നയിക്കുന്നു.*

### നറുമൊഴി

അഭ്യാസം 1, 2, 5 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. അമ്മിഞ്ഞപ്പാലൊപ്പം - അമ്മിഞ്ഞ + പാലൊപ്പം
   അറിവിന്നരിയ - അറിവിൻ + അരിയ
   കതിരുതിരും - കതിർ + ഉതിരും
   കേളിയെഴും - കേളി + എഴും
4. 1. നമ്മുടെ മാതൃഭാഷ മലയാളമാണ്.
   2. അമ്മയുടെ മുലപ്പാലിനോടൊപ്പമാണ് നാം ഭാഷ ആസ്വദിക്കുന്നത്.
   3. കവിയുടെ ഭാവനയും സമത്വഭാവനയും ചേർന്നാണ് മലയാളം ശോഭിക്കുന്നത്.
   4. അറിവിന്നിരിയ വെളിച്ചം കരളിൽ
      ചൊരിയും തിരുമൊഴി മലയാളം!



5. അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, കറുത്തപക്ഷിയുടെ പാട്ട്, ഭൂമിക്ക് ഒരു ചരമഗീതം, ശാർങ്ഗകപക്ഷികൾ, മൃഗയ, അപരാഹ്നം, ഉജ്ജയിനി.
6. നമ്മുടെ <u>മാതൃഭാഷയായ</u> മലയാളം മനോഹരവും മധുരവുമുള്ളതാണ്. കേരളീയരുടെ ഭാഷയായ <u>മലയാളം</u> പേരുകേട്ടതാണ്. ആ വാക്കിൽ കിളി പാടുകയും പൂക്കൾ ഉണരുകയും ചെയ്യുന്നു. അത് <u>പ്രഭാതങ്ങളിൽ</u> തുടികൊട്ടി ഉണർത്ത് പാട്ട് പാടുന്നു. <u>അമ്മയുടെ</u> മുലപ്പാലിനൊപ്പം നാം ആസ്വദിക്കുന്ന ഭാഷയാണ് മലയാളം. അത് <u>അറിവിന്റെ</u> വെളിച്ചം മനസ്സിൽ ചൊരിയുകയും സന്തോഷം ഉണ്ടാക്കുകയും ചെയ്യുന്നു. അത് സ്നേഹത്തിന്റെ <u>പൂമഴ</u> പെയ്യിക്കുന്നു. കവിയുടെ ഭാവനയും സമത്വഭാവനയും ചേർന്ന് അത് <u>ശോഭിക്കുന്നു</u> . <u>സത്യം</u> പറയാനും <u>സ്വപ്നം</u> കാണാനും നമുക്കുള്ള ഭാഷയാണ് മലയാളം.
7. നമ്മുടെ മനസ്സിലുള്ള കാര്യങ്ങൾ മറ്റൊരാളെ അറിയിക്കുവാനാണ് ഭാഷ ഉപയോഗിക്കുന്നത്. ഭാഷയില്ലെങ്കിൽ മനസ്സിലുള്ള കാര്യങ്ങൾ മറ്റൊരാൾക്ക് പറഞ്ഞുകൊടുക്കാൻ കഴിയാതെ വരും. കഥ, കവിത, നാടകം, ഗാനങ്ങൾ എന്നിവയൊന്നും എഴുതാനൊ ആസ്വദിക്കാനൊ കഴിയില്ല. സംഭാഷണങ്ങളിലൂടെയാണ് നാം കൂട്ടുകാരെ കണ്ടെത്തുന്നത്. സംഭാഷണത്തിനു ഭാഷവേണം. ഭാഷയില്ലെങ്കിൽ സംഭാഷണവുമില്ല കൂട്ടുകാരുമില്ല.
8. പൂവിരിഞ്ഞാൽ മണംപരക്കും
   കാറ്റുവന്നാൽ കുളിരാകും
   മഴ വന്നാൽ പുഴ നിറയും
   ചെടി പൂത്താൽ വണ്ടെത്തും
   പഴമായാൽ കിളിയെത്തും
   പൂവായാൽ മധുനിറയും

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. കുന്നിൻ ചരിവിൽ കാണാം. മൂന്നു പക്ഷികൾ ആകാശത്തിലൂടെ പറന്നുപോകുന്നു. മരച്ചോട്ടിൽ പൂച്ചെടികളുണ്ട്. വയലിനരികിലൂടെ ഒരരുവി ഒഴുകുന്നു. ചിത്രത്തിൽ മൂന്നു തെങ്ങുകൾ കാണാം.
2. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
3. വെളിച്ചം, പുലരി, കുമിളകൾ, കരളിൽ, പൂമഴ, കേരളം.

4 തായ്മൊഴി, പ്രിയം, കതിർ, അമ്മിഞ്ഞപ്പാൽ.

5. വിരിഞ്ഞുനില്ക്കും പനിനീർപ്പൂവേ
വിളിച്ചുണർത്തിയതാരാണ് ?
നറുമണം നിറയുമിതളുകളിൽ
വർണം പകർന്നതാരാണ് ?
ചന്തമെഴുന്നൊരു പൂവിൻ തണ്ടിന്
മുൾമുന നൽകിയതാരാണ് ?
കണ്ണിന് കൗതുകമേകാൻ നിന്നെ
ഒരുക്കി നിർത്തിയതാരാണ് ?

## പൂച്ചയ്ക്കാര് മണികെട്ടും

അഭ്യാസം 1, 3, അഭ്യാസം 5ലെ 7 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

2. പ്രശംസ – അഭിനന്ദനം – കോമന്റെ ബുദ്ധിയെ അവർ അഭിനന്ദിച്ചു.

   അപകടം – ആപത്ത് – "ഈ ആപത്തിൽനിന്ന് മോചനം കിട്ടാൻ എന്താ ഒരു വഴി?"

   താമസം – പാർത്തിരുന്നു – ഒരു വലിയ വീട്ടിലാണ് ചക്കിപ്പൂച്ചയും കുറെ എലികളും പാർത്തിരുന്നത്.

4. ഒന്നിന് ഒത്തിരി: (അടിയിൽ വരയിട്ട പദങ്ങളുടെ സമാനപദങ്ങൾ എഴുതി വാക്യങ്ങൾ പൂർണമാക്കാം. സമാനപദങ്ങൾ ഇല്ലാതെ ഖണ്ഡിക എഴുതി പഠിതാക്കളെക്കൊണ്ട് പൂരിപ്പിക്കണം)

   പൂച്ചയും എലിയും തമ്മിൽ കണ്ടുമുട്ടിയാൽ പിന്നത്തെ കഥ പറയാനുണ്ടോ? ........................... നെ കണ്ടാൽ മതി .................. മാളത്തിലൊളിക്കും. പക്ഷെ ...................... മണംപിടിച്ചുചെന്ന് ............................ പിടിയിലാക്കിയെ മടങ്ങൂ. ......................... പിടികിട്ടിയാലൊ? ........................... ക്രൂരവിനോദം തുടങ്ങുകയായി.

5. 1. ചക്കിപ്പൂച്ചയുടെ തീക്കനൽ പോലെ തിളങ്ങുന്ന കണ്ണുകളും കൂർത്തുമൂർത്ത നഖങ്ങളും കണ്ടാണ് എലികൾ ഭയപ്പെട്ടത്.

   2. ചക്കിപ്പൂച്ചയുടെ ഉപദ്രവത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള



ഉപായം കണ്ടെത്താനാണ് വീടിന്റെ തട്ടിൻപുറത്ത് എലികൾ ഒന്നിച്ചുകൂടിയത്.

   3. "പൂച്ചയ്ക്കാര് മണികെട്ടും?" എന്നാണ് ചിണ്ടനെലി ചോദിച്ചത്.

   4. മണിയുടെ ശബ്ദം കേൾക്കുമ്പോൾ എലികൾക്ക് ഓടി രക്ഷപ്പെടാൻ കഴിയും.

   5. പൂച്ചയും എലിയും പണ്ടേ ശത്രുക്കളാണ്. എലിയെ കാണുന്നമാത്രയിൽ പൂച്ച അതിന്റെ കഥ കഴിക്കും. അതുകൊണ്ടാണ് പൂച്ചയ്ക്ക് മണികെട്ടാൻ ആരും തയ്യാറാകാതിരുന്നത്.

   6. ഈ കഥയിൽ മൂന്നു കഥാപാത്രങ്ങളുണ്ട്. ചക്കിപ്പൂച്ച, കോമനെലി, ചിണ്ടനെലി എന്നിവരാണ് കഥാപാത്രങ്ങൾ.

6. 1. എലികൾ എവിടെയാണ് താമസിച്ചിരുന്നത് ?

   2. ചക്കിപ്പൂച്ചയുടെ കണ്ണുകൾ എങ്ങനെയുള്ളതായിരുന്നു ?

   3. കോമനെലിയെ അഭിനന്ദിക്കാൻ കാരണമെന്ത് ?

   4. ആരും മിണ്ടാതിരുന്നത് എന്തുകൊണ്ട് ?

   5. പൂച്ചയ്ക്കാര് മണികെട്ടുമെന്ന് ചോദിച്ചതാര് ?

7.

| | | |
|---|---|---|
| മൗനത്തിനുശേഷം | – | മൗനത്തിന് + ശേഷം |
| പുറത്തിറങ്ങാതെ | – | പുറത്ത് + ഇറങ്ങാതെ |
| വയസ്സനായ | – | വയസ്സൻ + ആയ |
| മൂഷികരെല്ലാം | – | മൂഷികർ + എല്ലാം |

8. പണ്ടൊരിക്കൽ ഒരാൾക്ക് ഒരാനയുണ്ടായിരുന്നു. അയാൾ ആനയെ പട്ടിണിക്കിട്ട് , പണിയെടുപ്പിച്ചു. സഹികെട്ട ആന ഒരു ദിവസം അയാളെ ചവിട്ടിക്കൊന്നു. അയാളുടെ ഭാര്യ , പൊട്ടികരഞ്ഞുകൊണ്ട് അവരുടെ കുട്ടികളുമായി ആനയുടെ അടുത്തെത്തി. കുട്ടികളെ ചേർത്തുപിടിച്ച് ദേഷ്യത്തോടെ ഇങ്ങനെ പറഞ്ഞു: "നീ ഇവരുടെ അച്ഛനെ കൊന്നു . ഇതാ ഇനി ഇവരെയായിട്ടെന്തിനു ബാക്കി വെക്കുന്നു ? കൊല്ല്!"

   ആന ആ കുട്ടികളെ കുറേ സമയം നോക്കി നിന്നു. പിന്നീട് മൂത്ത കുട്ടിയെ മെല്ലെ തുമ്പിക്കൈകൊണ്ട് പൊക്കിയെടുത്ത് പുറത്തുകയറ്റി. അന്നുമുതൽ ആന അവരെ അനുസരിച്ച് അവർക്കുവേണ്ടി പണിയെടുത്തു.

9. 1. വേനൽക്കാലത്ത് ജനങ്ങൾ വെള്ളമില്ലാതെ വലയാറുണ്ട്.
   2. പരീക്ഷക്ക് നല്ല മാർക്ക് നേടിയ കുട്ടികളെ അധ്യാപിക അഭിനന്ദിച്ചു.
10. 1. രവിയും രജനിയും രാവിലെ വന്നു.
   2. മഴക്കാലത്ത് ഇടിയും മിന്നലുമുണ്ട്.
   3. മാതാപിതാക്കളെ ബഹുമാനിക്കുകയും അനുസരിക്കുകയും വേണം.
   4. അച്ഛൻ മാലയും വളയും കൊണ്ടുവന്നു.
   5. വിദ്യാർത്ഥികൾ നന്നായി പഠിച്ചുവളരണം.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. തട്ടിൻമുകളിൽ എലികളെല്ലാം ഒത്തുകൂടി. എലികളെല്ലാം വസ്ത്രം ധരിച്ചിട്ടുണ്ട്. പീഠത്തിൽനിന്ന് ഒരെലി സംസാരിക്കുന്നു. എന്താണ് പറയുന്നതെന്ന് കേൾക്കാൻ എലികളെല്ലാം വളരെ ശ്രദ്ധയോടെയാണ് ഇരിക്കുന്നത്.
2. വീട്ടിൽകാണുന്ന ജീവികൾ - എലി, എട്ടുകാലി (ചിലന്തി), പാറ്റ, ചിതൽ, ഉറുമ്പ്, പല്ലി (ഗൗളി), കൊതുക്, മൂട്ട, ഈച്ച.

   വീട്ടിൽ വളർത്തുന്ന ജീവികൾ - പൂച്ച, പട്ടി, പശു, ആട്, കോഴി, താറാവ്, കാള, എരുമ, പോത്ത്.
3. എലികളെല്ലാം പുറത്തിറങ്ങാതെ മാളത്തിനുള്ളിൽതന്നെ കഴിഞ്ഞതിനാൽ ചക്കിപ്പൂച്ചയ്ക്ക് വിശപ്പടക്കാൻ കഴിയാതായി. ഒരു ദിവസം ചക്കി വിശന്ന് തളർന്ന് തട്ടിൻപുറത്തെ പെട്ടിക്കു താഴെ കിടക്കുമ്പോഴാണ് എലികൾ തട്ടിൻപുറത്തെത്തി യോഗം ചേർന്നത്. പെട്ടിക്കടിയിൽ കിടന്ന് എല്ലാം കേട്ടറിഞ്ഞ ചക്കിക്ക് ഉറക്കം നഷ്ടപ്പെട്ടു. ഉറങ്ങുമ്പോൾ എലികൾ വന്ന് മണികെട്ടുമെന്ന് ചക്കിപ്പൂച്ച ഭയന്നു.
4. കോമനെലി : പൂച്ചയുടെ കഴുത്തിൽ ഒരു മണികെട്ടുക.

   ചിണ്ടനെലി : പൂച്ചയ്ക്കാര് മണികെട്ടും ?
5. എലികളെല്ലാം കൂടി നീളമുള്ള ചരടിൽ കുരുക്കുകൾ ഉണ്ടാക്കി മച്ചിന്റെ മുകളിൽ കാത്തിരിക്കണം. മുറിയുടെ തറയിലൂടെ പൂച്ച നടന്നുവരുമ്പോൾ ബലമുള്ള ചരടിൽ ഉണ്ടാക്കിയ കുരുക്കുകൾ പൂച്ചയുടെ കഴുത്തിൽ കുരുക്കണം. കുരുക്ക് വീണാൽ എല്ലാ എലികളും ചേർന്ന് വലിച്ചുയർത്തുമ്പോൾ കുരുക്ക് മുറുകി പൂച്ചയുടെ കഥകഴിയും.



## കടൽക്കര

അഭ്യാസം 1, 2 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. ഒന്നിന് ഒത്തിരി: അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി ഖണ്ഡിക പൂർണമാക്കാം.

   വിമാനം കണ്ടുപിടിക്കുന്നതിന് മുമ്പ് വിദേശ രാജ്യങ്ങളിലെത്താൻ ആളുകൾ കപ്പലുകളെയാണ് ആശ്രയിച്ചിരുന്നത്. കടൽ ക്ഷോഭത്തിൽപ്പെട്ട് എത്രയോ കപ്പലുകൾ തകർന്ന് ............................ അടിത്തട്ടിലേക്ക് താഴ്ന്നിട്ടുണ്ട്! കപ്പൽ തകർന്ന് വെള്ളത്തിൽ വീണ അനേകം മനുഷ്യരെ ................... കൂറ്റൻ തിമിംഗലങ്ങൾ ജീവനോടെ വിഴുങ്ങിയിട്ടുണ്ട്. കൂറ്റൻ തിരമാലകളേയും തിമിംഗലങ്ങളേയും മറികടന്ന് ........................... നീന്തിക്കടക്കുന്ന ധൈര്യശാലികളും ഭൂമിയിൽ ജീവിച്ചിരിപ്പുണ്ട്.
4. കടൽതീരം - കടൽ + തീരം

   കടൽക്കര - കടൽ + കര

   വന്നടിയും - വന്ന് + അടിയും

   ചെറുത്തുനിൽക്കും - ചെറുത്ത് + നിൽക്കും
5. 1. കടലും കരയും ആകാശവും ഒന്നിക്കുന്നിടമാണ് കടൽക്കര.
   2. കരയെ കടലിൽ നിന്ന് സംരക്ഷിക്കുന്നതാണ് കടൽതീരത്തിന്റെ കടമ.
   3. ഒരു വശത്തെ കടപ്പുറം കടൽ തിന്നുപോകുമ്പോൾ മറ്റൊരു കടപ്പുറം ഉയർന്നുവരും. പൂഴിമണ്ണുമാറി കക്കയും കട്ടയും വന്നടിയും. ഇതാണ് പ്രകൃതിയുടെ സമതുലനം.
   4. കടപ്പുറത്തെ മണ്ണിന്റെ പരുവം, കട്ടകളുടെ വലുപ്പം, കക്കകളുടെ രൂപം, ജീവികളുടെ തരം, തീരത്തിന്റെ മൊത്തം സ്വഭാവം തുടങ്ങിയവയെ എല്ലാം നിയന്ത്രിക്കുന്നത് കടലും കരയും ചേർന്നാണ്.
   5. അനങ്ങാതെ നിൽപാണ് മലയുടെ ധർമം.
6. 1. പുഴയുടെ ധർമമെന്ത് ?
   2. കടൽതീരത്തിന്റെ പ്രകൃതം മാറുന്നത് എന്തിനെ ആശ്രയിച്ചാണ് ?

3. കഥ മാറുന്നതെപ്പോൾ ?
4. കടൽക്കരയിൽ ഒന്നിക്കുന്നതെന്ത് ?
5. കടലിളകിയാൽ ചെറുത്തുനിൽക്കുന്നതെന്ത് ?

7\. 1. കടൽജലത്തിന് ഉപ്പുണ്ടായത് എങ്ങനെ ?
2. കടലിൽ എപ്പോഴും തിരയുണ്ടാകുന്നത് എന്തുകൊണ്ട് ?
3. ചിപ്പികളും മുത്തും ഉണ്ടാകുന്നതെങ്ങനെ ?
4. കടലിൽ എത്രതരം മത്സ്യങ്ങളുണ്ട് ?
5. കടൽ ഉണ്ടായത് എങ്ങനെ ?
6. വേലിയേറ്റവും വേലിയിറക്കവും എന്നാലെന്ത് ?
7. കടൽ മലിനമാകുന്നതെങ്ങനെ ?
8. കടലിലൂടെ പോകുന്ന വാഹനങ്ങൾ ഏതൊക്കെ ?
9. കടലിലെ ഏറ്റവും വലിയ ജീവി ഏതാണ് ?
10. ഭൂമിയിൽ കരയാണൊ കടലാണൊ കൂടുതൽ ?

8\. 1. കരയും കടലും ആകാശവും ഒന്നിക്കുന്നിടമാണ് കടൽക്കര .
2. മനുഷ്യർ കടൽതീരത്ത് ബങ്ങളുകൾ പണിയുന്നു.
3. കടൽവെള്ളത്തിന് ഉപ്പ് രസമാണ്.
4. കടൽതീരത്ത് കക്കയും കട്ടയും കാണാം.
5. പലതരം ജീവികളുടെ വാസസ്ഥലമാണ് കടൽ .

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. കടൽതീരത്ത് രണ്ട് വള്ളങ്ങൾ കാണാം. പാറക്കെട്ടിനടുത്ത് കുടിലുകളുണ്ട്. കടൽതീരത്ത് തെങ്ങുകളുണ്ട്. ചിത്രത്തിൽ കടലിനും ആകാശത്തിനും നീലനിറമാണ്.
2. കടലിൽനിന്നു കിട്ടുന്നവ - ഉപ്പ്, മത്സ്യം, കക്ക, ജലം, ഞണ്ട്, നീലത്തിമിംഗലം, നീരാളി, പാമ്പ്, കടൽക്കുതിര

   കരയിൽനിന്നു കിട്ടുന്നവ - കരിമ്പ്, തേങ്ങ, തടി, ആപ്പിൾ, ചേന, വാഴപ്പഴം, മണ്ണ്, കല്ല്, പെട്രോൾ.
3. കുട്ടി : കടലിലൂടെ സഞ്ചരിക്കുന്ന വലിയ വാഹനം ഏതാണ് ?

   കടൽ : കടലിലൂടെ സഞ്ചരിക്കുന്ന വലിയ വാഹനം കപ്പലാണ്.

   കുട്ടി : കടലിൽ ആകാശം തൊട്ടുകിടക്കുന്നതുപോലെ കാണാമല്ലൊ. യഥാർത്ഥത്തിൽ അങ്ങനെയാണൊ ?



കടൽ : ആകാശം കടലിനെ തൊടുന്നില്ല. ഭൂമിയുടെ ഗോളാകൃതി മൂലമാണ് അങ്ങനെ തോന്നുന്നത്.

കുട്ടി : കടൽ ജലം മനുഷ്യൻ കുടിക്കാൻ ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ് ?

കടൽ : കടൽ ജലത്തിന് ഉപ്പുരസമുള്ളതുകൊണ്ടാണ് മനുഷ്യർ കുടിക്കാത്തത്.

4. കുട്ടികളുടെ കളിക്കാനുള്ള പ്രകൃതത്തെ ആർക്കും തടഞ്ഞു നിർത്താൻ കഴിയില്ല. അത് കടലിലെ നിലയ്ക്കാത്ത തിരപോലെയാണ്. കുട്ടികൾക്ക് തനതായ ഇഷ്ടങ്ങളും ഇഷ്ടക്കേടുകളുമുണ്ട്. അതെല്ലാം കണ്ടറിഞ്ഞ് പെരുമാറുകയാണ് മുതിർന്നവർ ചെയ്യേണ്ടത്.
5. വേനൽക്കാലത്ത് പൈപ്പിലെ വെള്ളം പോലും നിന്നുപോകും.

   പകർച്ചവ്യാധി പടർന്നാൽ ആരോഗ്യമുള്ളവർ പോലും കിടപ്പിലാകും.

   കഴിക്കാൻ ആഹാരമില്ലെങ്കിൽ മുതിർന്നവർക്കുപോലും പണിയെടുക്കാൻ കഴിയില്ല.

   മഴയില്ലെങ്കിൽ കുടിവെള്ളം പോലും കിട്ടുകയില്ല.

## മഹാത്മാഗാന്ധി

അഭ്യാസം 1, 4, അഭ്യാസം 7ലെ 6-ാമത്തെ ചോദ്യം എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

2\.

| | | |
|---|---|---|
| നടൻ | - | നടി |
| കവി | - | കവയത്രി |
| അമ്മാവൻ | - | അമ്മായി |
| അനന്തിരവൻ | - | അനന്തിരവൾ |
| ചേട്ടൻ | - | ചേച്ചി |
| അച്ഛൻ | - | അമ്മ |

3\.

| | | |
|---|---|---|
| പോർബന്തറിലായിരുന്നു | - | പോർബന്തറിൽ + ആയിരുന്നു |
| ഹൃദിസ്ഥമാക്കിയത് | - | ഹൃദിസ്ഥം + ആക്കിയത് |
| വിട്ടാലുടൻ | - | വിട്ടാൽ + ഉടൻ |
| ആരോടെങ്കിലും | - | ആരോട് + എങ്കിലും |

5. 1. അധ്യാപകരോടും സഹപാഠികളോടും, വിദ്യാർത്ഥികൾ നുണപറയരുത്.

2. സഹപാഠികൾ പരസ്പരം നുണപറയരുതെന്ന് അധ്യാപകർ വിദ്യാർത്ഥികളെ ഉപദേശിച്ചു.

3. സഹപാഠികളും അധ്യാപകരും ചേർന്ന് സത്യം കണ്ടെത്തിയപ്പോൾ നുണപറഞ്ഞ ശ്യാം തന്ത്രത്തിൽ സ്ഥലം വിട്ടു.

6. 1. പണ്ട് പണ്ട് എലികളും പൂച്ചകളും തമ്മിൽ യാതൊരു വഴക്കും ഉണ്ടായിരുന്നില്ല.

2. കുഞ്ഞപ്പനെലിയും കുമ്മാട്ടിപ്പൂച്ചയും ഉറ്റ ചങ്ങാതിമാരായിരുന്നു.

3. അങ്ങനെയിരിക്കേ അമ്പാട്ടുകാവിൽ ആറാട്ടുപൂരം വന്നു.

4. പൂരം കാണാൻ പോകാൻ കുഞ്ഞപ്പനെലിക്കും കുമ്മാട്ടിപ്പൂച്ചയ്ക്കും വലിയ കൊതി!

5. പക്ഷേ എന്തു ചെയ്യും? ഒരു പുഴ കടന്നാലേ അവിടെ എത്താനാവൂ.

7. 1. പോർബന്തറിലായിരുന്നു ഗാന്ധിജിയുടെ കുട്ടിക്കാലം.

2. അച്ഛൻ പോർബന്തർ വിട്ട് രാജ്കോട്ടിലേക്ക് പോയപ്പോൾ ഗാന്ധിജിയുടെ പഠനം രാജ്കോട്ടിലേക്ക് മാറ്റി.

3. ഗാന്ധിജി പന്ത്രണ്ട് വയസ്സിനിടക്ക് അധ്യാപകരോടോ സഹപാഠികളോടോ നുണപറഞ്ഞിട്ടുള്ളതായി ഓർക്കുന്നില്ല.

4. ആരോടെങ്കിലും സംസാരിക്കുന്നത് ഗാന്ധിജിക്ക് താങ്ങാവുന്നതിലേറെയായിരുന്നു. വല്ലവരും കളിയാക്കുമോ എന്ന ഭയവും ഉണ്ടായിരുന്നു. അതുകൊണ്ടാണ് സ്കൂൾ വിട്ടാലുടൻ ഗാന്ധിജി വീട്ടിലേക്ക് ഓടിയത്.

5. പാഠപുസ്തകങ്ങൾ മാത്രമായിരുന്നു എന്റെ കൂട്ടുകാർ.

8. രാജ്കോട്ട്, സബർബൻ, അച്ഛൻ, അധ്യാപകർ, സഹപാഠികൾ, സ്കൂൾ.

9. 1. നമ്മുടെ രാഷ്ടപിതാവ് ആര് ?

2. ഗാന്ധിജി ബുദ്ധിമുട്ടി പഠിച്ചതെന്ത് ?

3. എന്തായിരുന്നു ഗാന്ധിജിയുടെ കൂട്ടുകാർ ?

4. ഗാന്ധിജി ആരോടും കൂട്ടുകൂടാതെ കഴിഞ്ഞത് എന്തു കൊണ്ട് ?

5. എന്തായിരുന്നു ഗാന്ധിജിയുടെ ഭയം ?

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ് ചിത്രത്തിൽ കാണുന്നത്. ഭാരതത്തിന് സ്വാതന്ത്ര്യം നേടിത്തരാൻ പ്രയത്നിച്ച മഹാത്മാവാണ് അദ്ദേഹം. അഹിംസയും സത്യാഗ്രഹവും അദ്ദേഹത്തിന്റെ സമര രീതികളായിരുന്നു. സാധാരണക്കാരെപ്പോലെ ലളിതജീവിതമാണ് അദ്ദേഹം നയിച്ചത്.

2. വിദ്യാർത്ഥി - വിദ്യാർത്ഥിനി
കവി - കവയത്രി
പിതാവ് - മാതാവ്
സഹോദരൻ - സഹോദരി
അമ്മാവൻ - അമ്മായി.

3. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

4. സ്കൂൾ മുറ്റത്ത് നിന്നിരുന്ന മാവിൽ കുലകുത്തിക്കിടക്കുന്ന മാങ്ങ പറിക്കാൻ ടോമി ആരും കാണാതെ വലിഞ്ഞുകയറി. മാവിൻചില്ല അനങ്ങുന്നത് കണ്ട് മാവിൻ ചുവട്ടിലെത്തിയ ഹെഡ്മാസ്റ്ററോട് ടോമി പറഞ്ഞു 'മാങ്ങ കൊത്തിയെടുക്കാൻ വന്ന കാക്കയെ ഓടിക്കാൻ കയറിയതാ സാറെ'!

5. മുത്തശ്ശി പതിവുപോലെ കഥ പറയാൻ തുടങ്ങി.
കൃഷിക്കാർ പതിവുപോലെ വയലിൽ പണി തുടങ്ങി.
സൂര്യൻ പതിവുപോലെ കിഴക്ക് ഉദിച്ചു.

## ഗ്രാമഭംഗി

അഭ്യാസം 1, 2, 7, 8 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. അടിയിൽ വരച്ച പദത്തിന്റെ സമാനപദങ്ങളെഴുതി ഖണ്ഡിക പൂർണമാക്കാം.

കാടും <u>മലയും</u> പ്രകൃതിയുടെ ഭാഗമാണ്. ......................... ചരിവുകളിലാണ് തേയില കൃഷി ചെയ്യുന്നത്. നദികൾ ഉത്ഭവിക്കുന്നത് ...................... നിന്നാണ്. ചിലപ്രദേശങ്ങളിൽ .................. ചരിവു

കൾ തട്ടുതട്ടാക്കി കൃഷി ചെയ്യുന്നു.

4. നിന്നെത്തിനോക്കി - നിന്ന് + എത്തിനോക്കി
   വന്നുപോയാൽ - വന്നു + പോയാൽ
   മഞ്ഞല - മഞ്ഞ് + അല
   പുലരൊളി - പുലർ + ഒളി

5. 1. മലരണിക്കാടുകളാണ് തിങ്ങിവിങ്ങി നിൽക്കുന്നത്.
   2. ഗ്രാമഭംഗിയാണ് കരളും മിഴിയും കവർന്നത്.
   3. മലനിരകളുടെ പുറകിൽ നിന്നാണ് പുലർകാലം എത്തി നോ ക്കിയത്.
   4. എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ ന്തവിടെല്ലാം പൂത്തമരങ്ങൾ മാത്രം.
   5. ഒരു കൊച്ചു കാറ്റു വരുമ്പോഴാണ് പൂമഴ പെയ്യുന്നത്.

6. ഇടതിങ്ങി നിൽക്കുന്ന പൂത്ത കാടുകൾ മരതകത്തിന്റെ ശോഭ യോടെ തിളങ്ങി. ആ ഗ്രാമത്തിന്റെ കളങ്കമില്ലാത്ത ഭംഗി മനസ്സും കണ്ണും കവരുന്നതായിരുന്നു. രോമാഞ്ചംപോലെ കുന്നിന്റെ പുറ ത്തുവീണ മൂടൽമഞ്ഞിന്റെ അലകളെ ആലിംഗനം ചെയ്തു നീക്കിക്കൊണ്ട് പ്രഭാതകിരണങ്ങൾ മലനിരകളുടെ പുറകിൽ വന്ന് എത്തി നോക്കി. എവിടെ നോക്കിയാലും പൂത്ത മരങ്ങ ളാണ് കാണാൻ കഴിയുന്നത്. ചെറിയൊരു കാറ്റ് വീശിയാൽ മതി പൂക്കൾ മഴയായി പെയ്തു തുടങ്ങാൻ.

9. പു - പുളകം
   പുതുമൂടൽമഞ്ഞല
   പുല്കി
   പുലരൊളി

   മ - മലരണിക്കാടുകൾ
   മരതകകാന്തിയിൽ
   മരങ്ങൾ

10. തെങ്ങുണ്ട് മാവുണ്ട് എന്റെ നാട്ടിൽ
    പുഴയുണ്ട് മലയുണ്ട് എന്റെ നാട്ടിൽ
    കടലുണ്ട് കരയുണ്ട് എന്റെ നാട്ടിൽ
    വയലുണ്ട് തോടുണ്ട് എന്റെ നാട്ടിൽ



നെല്ലുണ്ട് റബറുണ്ട് എന്റെ നാട്ടിൽ
പൂവുണ്ട് കിളിയുണ്ട് എന്റെ നാട്ടിൽ.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. നീലാകാശത്തിലൂടെ പക്ഷികൾ പറന്നുപോകുന്നു. കിണറ്റിൽ മോട്ടോർ പ്രവർത്തിപ്പിച്ച് വെള്ളമെടുക്കുന്നു. വീടിനു സമീപത്ത് ഒരു കാളവണ്ടിയുണ്ട്. ഒരു പശു പുല്ല് തിന്നുന്നു.

2. ഗ്രാമം - ജനവാസം കുറവാണ്, ജനങ്ങൾ കൃഷി ചെയ്തു ജീവി ക്കുന്നു. റോഡിന് വീതി കുറവാണ്, വിനോദോപാധികൾ കുറ വാണ്, മലിനീകരണം കുറവാണ്.

   പട്ടണം - ജനങ്ങൾ തിങ്ങിപ്പാർക്കുന്നു, പട്ടണവാസികൾ മറ്റ് ജോലികൾ ചെയ്ത് ജീവിക്കുന്നു, റോഡിന് വീതി കൂടുതലാ ണ്, വിനോദോപാധികൾ കൂടുതലാണ്, മലിനീകരണം കൂടുത ലാണ്.

3. പുലരൊളി, മരതകം, പുളകം, കാന്തി, കവർന്നു.

4. മരതക കാന്തി, കരളും മിഴിയും കവർന്നു, പുലരൊളി മഞ്ഞ ല, ഒരു കൊച്ചുകാറ്റ്, പൂമഴ, മൂടൽമഞ്ഞല.

5. 1. സൂര്യൻ എവിടെനിന്നാണ് ഉണർന്നെണീറ്റത് ?
   2. സൂര്യൻ പുഞ്ചിരി തൂകിയത് എന്ത് കണ്ടപ്പോഴാണ് ?
   3. എവിടെ നിന്നാണ് കിളിമൊഴി കേൾക്കുന്നത് ?
   4. എങ്ങനെയുള്ളതാണ് കിളിമൊഴി ?
   5. കിഴക്കൻ മെത്തയെന്നാൽ എന്താണ് ?

## യുദ്ധം ഒരു വിപത്ത്

അഭ്യാസം 1, 5 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെ ടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക/ അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

2. 1. ഹിരോഷിമ ഏതു രാജ്യത്താണ് ?
   2. അണുബോംബ് വീണത് എവിടെയെല്ലാം ?
   3. സഡാക്കോവ് ആരാകാനാണ് കൊതിച്ചത് ?
   4. സഡാക്കോവിന്റെ കൂട്ടുകാർ എന്തിനാണ് വെള്ളക്കൊക്കു കളെ ഉണ്ടാക്കിയത് ?

5. നാം എന്തിനുവേണ്ടിയാണ് പ്രവർത്തിക്കേണ്ടത് ?

3. അണുബോംബിട്ടത് - അണു + ബോംബ് + ഇട്ടത്
അരനിമിഷംകൊണ്ട് - അര + നിമിഷം + കൊണ്ട്
ചിതറിക്കിടക്കുന്ന - ചിതറി + കിടക്കുന്ന
സ്നേഹസമ്മാനമായി - സ്നേഹ + സമ്മാനം + ആയി

4. ആയുധങ്ങൾ, മരണം, രോഗം, ദാരിദ്ര്യം, ആശുപത്രി, അംഗവൈകല്യം, വാഹനങ്ങൾ, വേദന, ഭരണാധിപൻമാർ, രാജ്യങ്ങൾ, നിരപരാധികൾ, സങ്കടം, ചരിത്രം, നാശം, പട്ടിണി.

ലോക ചരിത്രത്തിൽ ധാരാളം യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. ഭരണാധിപൻമാരുടെ സ്വാർത്ഥതയും ലാഭക്കൊതിയുമാണ് യുദ്ധത്തിൽ കലാശിക്കുന്നത്. രാജ്യങ്ങൾ തമ്മിൽ നടക്കുന്ന യുദ്ധത്തിൽ കോടിക്കണക്കിനു രൂപയുടെ ആയുധങ്ങളാണ് ഉപയോഗിക്കുന്നത്. പരസ്പരം നശിപ്പിക്കുന്നതിനു കണക്കറ്റ പണം വിനിയോഗിക്കുമ്പോൾ കോടിക്കണക്കിനു ജനങ്ങൾ പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുന്ന കാര്യം അവർ ഓർക്കുന്നില്ല. മരണവും രോഗവും അംഗവൈകല്യവുമാണ് നിരപരാധികളായവർക്ക് യുദ്ധം മൂലമുണ്ടാകുന്നത്. യുദ്ധം മൂലമുണ്ടാകുന്ന സങ്കടത്തിന് അറുതി വരുത്തണമെങ്കിൽ യുദ്ധം തന്നെ ഇല്ലാതാകണം.

6. ഒന്നിന് ഒത്തിരി- അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി ഖണ്ഡിക പൂർണമാക്കാം.

നമ്മുടെ രാജ്യമായ ഭാരതവും അയൽരാജ്യമായ പാക്കിസ്ഥാനും തമ്മിൽ പലതവണ യുദ്ധം ഉണ്ടായിട്ടുണ്ട്. പ്രധാന കാരണം അതിർത്തി തർക്കമായിരുന്നു. ........................ മൂലം നിരവധി ആളുകൾ മരണത്തിനിരയായി. ഇരു രാജ്യങ്ങൾക്കും ............... മൂലം നിരവധി ആളുകൾ മരണത്തിനിരയായി. ഇരു രാജ്യങ്ങൾക്കും ............................ മൂലം കോടിക്കണക്കിനു രൂപയുടെ നഷ്ടവും ഉണ്ടായി.

7. ഓരോ യുദ്ധത്തിലും ആയിരക്കണക്കിനു നിരപരാധികളാണ് കൊല്ലപ്പെടുന്നത്. യുദ്ധക്കൊതിയുള്ള ഭരണത്തലവൻമാരാണ് ലോകത്തിൽ അശാന്തി പരത്തുന്ന **അപരാധികൾ**. പൂർണ ആരോഗ്യമുള്ളവർപോലും യുദ്ധസമയത്ത് പ്രയോഗിക്കുന്ന വിഷവാതകങ്ങളേറ്റ് **അനാരോഗ്യമുള്ളവരായി** തീരുന്നു. ഇങ്ങനെയുള്ള രോഗികൾ ഒരിക്കലും സുഖം പ്രാപിക്കുകയില്ല.



എത്രയോ നിഷ്ക്കളങ്കരായ കുട്ടികളാണ് **അസുഖങ്ങൾക്ക്** അടിമകളാകുന്നത്. അസമാധാനം കൊണ്ടുവരുന്ന യുദ്ധത്തെ മാറ്റി നിർത്തി **സമാധാനമായി** ജീവിക്കാൻ വേണ്ടി നാം പ്രവർത്തിക്കണം.

8. 1. 1946 ആഗസ്ത് 6-നാണ് ജപ്പാനിലെ ഹിരോഷിമയിൽ അമേരിക്ക അണുബോംബിട്ടത്.

2. ഒരു ലക്ഷത്തിനാല്പതിനായിരം പേരാണ് അരനിമിഷം കൊണ്ട് വെന്തുമരിച്ചത്.

3. ആയിരക്കണക്കിന് നിരപരാധികൾ മരിക്കും. പരിക്കേറ്റവരെ ചികിത്സിക്കാൻ ആശുപത്രികളിൽ വേണ്ടത്ര സൗകര്യമുണ്ടാകില്ല. രോഗവും പട്ടിണിയും ഉണ്ടാകും. ജലവിതരണവും വൈദ്യുതി വിതരണവും തകരും. ദാരിദ്ര്യം മൂലം രാജ്യം തന്നെ തകരും.

4. യുദ്ധത്തിൽ കൊച്ചുമിടുക്കിയായ സഡാക്കോവിന് മാരകമായി പൊള്ളലേറ്റ് അനങ്ങാൻ കഴിയാത്ത നിലയിലായി.

5. എല്ലാ വർഷവും ആഗസ്ത് ആറിന് ജപ്പാനിലെ കുട്ടികൾ വെള്ളക്കൊറ്റികൾ ഉണ്ടാക്കി കൂട്ടുകാർക്ക് സ്നേഹസമ്മാനമായി അയച്ചുകൊടുക്കുന്നു.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. യുദ്ധവിമാനങ്ങളിൽനിന്നും ബോംബ് വർഷിക്കുന്നതു കാണാം. കെട്ടിടങ്ങൾ കത്തി നശിക്കുന്നതും ചിതറിക്കിടക്കുന്ന സൈനികരുടെ ശരീരങ്ങളും കാണാം. തോക്കുകളേന്തിയ സൈനികരേയും പാറ്റൺ ടാങ്കുകളും കാണാം.

2. യുദ്ധം മൂലമുണ്ടാകുന്ന ദുരിതങ്ങൾ - ആളുകൾ മരിക്കും, കുട്ടികൾ അനാഥരാകും, രാജ്യത്തിന്റെ സമ്പത്ത് നശിക്കും, അന്തരീക്ഷം മലിനമാകും, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകും.

യുദ്ധം ഇല്ലെങ്കിൽ ഉണ്ടാകുന്ന നേട്ടങ്ങൾ - രാജ്യത്ത് ഉയർച്ചയുണ്ടാകും, ജനങ്ങൾക്ക് സന്തോഷത്തോടെ ജീവിക്കാൻ കഴിയും, ക്ഷാമമൊ പട്ടിണിയൊ ഉണ്ടാവുകയില്ല, വികസനപ്രവർത്തനങ്ങൾക്ക് പണം ഉണ്ടാകും.

3. 1. പാട്ടുകേട്ടാൽ കുട്ടി ഉറങ്ങും.
2. മഴ പെയ്താൽ വെള്ളപ്പൊക്കം ഉണ്ടാകും.
3. നേരം വെളുത്താൽ കോഴി കൂവും.

4. കള്ളൻ വന്നാൽ പട്ടി കുരയ്ക്കും.
5. മണിയടിച്ചാൽ അധ്യാപിക വരും.

4. ബാലൻ - ബാലിക
അവൻ - അവൾ
അച്ഛൻ - അമ്മ
സന്യാസി - സന്യാസിനി
ഗായകൻ - ഗായിക

5. ആവശ്യത്തിനു മാത്രം സംസാരിക്കുക. ക്ഷമിക്കാനും സ്നേഹിക്കാനും കഴിയണം. സ്വന്തം കുറവുകൾ മനസ്സിലാക്കുകയും മറ്റുള്ളവരുടെ കഴിവുകളെ അംഗീകരിക്കുകയും ചെയ്യുക. അച്ചടക്കവും വിനയവും പാലിക്കുക.

## അഹങ്കാരം മൂത്താൽ ആപത്ത്

അഭ്യാസം 1, 3, 5, 8 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

2. മനുഷ്യജീവിതം സൗഭാഗ്യങ്ങളും .**നിർഭാഗ്യങ്ങളും** നിറഞ്ഞതാണ്. അറിവുള്ളവർ സന്തോഷത്തിലും **സങ്കടത്തിലും** പതറിപ്പോകാറില്ല. അവർക്കെല്ലാം സാധ്യമാണ്, ഒന്നും **അസാധ്യമല്ല.**

4. ഒന്നിന് ഒത്തിരി -
അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി ഖണ്ഡിക പൂർണമാക്കാം.
അരയന്നത്തെ കാണാത്തവരാണ് അധികവും. ..........................
പാലിൽ നിന്ന് വെള്ളം മാറ്റി കുടിക്കാനുള്ള കഴിവ് ഉണ്ടത്രെ.
പുരാണകഥകളിൽ ....................... പ്രധാന കഥാപാത്രമാണ്.
........................ വെളുത്ത നിറമാണ്.

6. 1. സ്വർണച്ചിറകുള്ള അരയന്നങ്ങൾ പത്മസരസ് തടാകത്തിലാണ് താമസിച്ചിരുന്നത്.
2. ആറുമാസത്തിലൊരിക്കൽ അരയന്നങ്ങൾ ഓരോ സ്വർണത്തൂവൽ രാജാവിന് സമ്മാനിച്ചിരുന്നു.
3. രാജാവിന് സ്വർണ തൂവൽ കൊടുക്കാൻ വെള്ളിച്ചിറകുള്ള അരയന്നത്തിന് സാധിക്കില്ല. അതുകൊണ്ടാണ് വെള്ളിപ്പറവയെ തടാകത്തിൽ കഴിയാൻ സ്വർണച്ചിറകുള്ള അരയന്നങ്ങൾ അനുവദിക്കാതിരുന്നത്.
4. “സ്വാമിൻ, പത്മസരസ് തടാകത്തിലെ അരയന്നങ്ങൾ എന്നെ അവിടെ ജീവിക്കാൻ അനുവദിക്കുന്നില്ല. തടാകത്തിന്റെ യഥാർത്ഥ ഉടമ രാജാവോ ഹംസങ്ങളോ? സത്യമറിയാൻ അടിയനെ അനുവദിച്ചാലും.” ഇതാണ് വെള്ളിപ്പറവ രാജാവിനോട് ചോദിച്ചത്.
5. സൗഭാഗ്യങ്ങളിൽ അഹങ്കരിക്കുന്നവർക്ക് നിർഭാഗ്യമായിരിക്കും പ്രതിഫലം.

7. 1. പത്മസരസ് തടാകത്തെ മനോഹരമാക്കിയത് എന്ത് ?
2. ഒരു ദിവസം തടാകത്തിലെത്തിയത് ആര് ?
3. രാജാവിന്റെ കല്പന എന്തായിരുന്നു ?
4. വടികളേന്തിയ ഭൃത്യന്മാരെ കണ്ടപ്പോൾ അരയന്നങ്ങൾ എന്താണ് ചെയ്തത് ?
5. അരയന്നങ്ങൾക്ക് ആനന്ദമുള്ള ജീവിതം നഷ്ടപ്പെടാൻ കാരണമെന്ത് ?

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. രാജകൊട്ടാരത്തിന്റെ ചിത്രമാണിത്. രാജാവ് സിംഹാസനത്തിൽ ഇരിക്കുകയാണ്. സിംഹാസനത്തിന്റെ ഒരു വശത്ത് ഒരു അരയന്നത്തെ കാണാം. സിംഹാസനത്തിനു മുമ്പിലുള്ള തിരശ്ശീലയുടെ നിറം നീലയാണ്.
2. അഹങ്കാരം മൂലമുണ്ടാകുന്ന ദോഷങ്ങൾ - ഉയർച്ച ഉണ്ടാകുകയില്ല, സഹായിക്കാൻ ആരും എത്തുകയില്ല, ശത്രുക്കൾ ഉണ്ടാകും, അർഹിക്കുന്നതുപോലും കിട്ടുകയില്ല, ആരും ബഹുമാനിക്കുകയില്ല.
വിനയംകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ - മിത്രങ്ങൾ ധാരാളമുണ്ടാകും, സഹായം ലഭിക്കും, അംഗീകാരംനേടും, പ്രശസ്തി ഉണ്ടാകും, ആരും ദേഷ്യപ്പെടുകയില്ല, വഴക്കുണ്ടാക്കാൻ വരുന്നവർപോലും വിനയത്തിനു മുമ്പിൽ തോറ്റുപോകും.
3. അമ്മു പരീക്ഷയിൽ ജയിച്ചുവെന്നറിഞ്ഞപ്പോൾ അച്ഛന് സന്തോഷമുണ്ടായി. അവൾക്ക് അഴകുള്ള ഒരു ഉടുപ്പാണ് അച്ഛൻ സമ്മാനമായി നല്കിയത്. ജീവിതത്തിൽ വലിയഭാഗ്യമുണ്ടാകുന്നത്

മറ്റുള്ളവരോട് ദയ കാണിക്കുമ്പോഴാണെന്ന് അറിയാമായിരുന്ന അമ്മു സമ്മാനമായി കിട്ടിയ പുത്തനുടുപ്പ് ദരിദ്രയായ സഹപാഠിക്ക് നല്കി.

4. 1. അമ്മ കുഞ്ഞിനെ സ്നേഹത്തോടെ വിളിച്ചു.
   2. അവൻ വീട്ടിലേക്കു നിരാശയോടെ മടങ്ങി.
   3. അധ്യാപികയുടെ മുമ്പിൽ ദേവിക വിനയത്തോടെ നിന്നു.
   4. അവർ ധൈര്യത്തോടെ പറഞ്ഞു.
   5. അപകടത്തിൽപ്പെട്ട സുഹൃത്തിനെ സഹതാപത്തോടെ നോക്കി.

5.

| | | |
|---|---|---|
| പക്ഷി | - | പക്ഷികൾ |
| കുട്ടി | - | കുട്ടികൾ |
| ചെടി | - | ചെടികൾ |
| പുസ്തകം | - | പുസ്തകങ്ങൾ. |

## ആഹാരം

അഭ്യാസം 1, 3, 9, 10 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

2. ഒന്നിന് ഒത്തിരി.

   അടിവരയിട്ട പദത്തിന്റെ സമാനപദങ്ങൾ എഴുതി ഖണ്ഡിക പൂർണമാക്കാം.

   പോഷകങ്ങൾ നിറഞ്ഞ ആഹാരം നമ്മുടെ ആരോഗ്യത്ത സംരക്ഷിക്കുന്നു. നാം കഴിക്കുന്ന ............................ സമീകൃതം ആയിരിക്കണം. ആവശ്യത്തിൽ കൂടുതൽ .......................... കഴിക്കുന്നത് രോഗത്തിനിടയാക്കും.

4.

| | | |
|---|---|---|
| അടിസ്ഥാനത്തിലല്ല | - | അടിസ്ഥാനത്തിൽ + അല്ല. |
| ഗണ്യമായ | - | ഗണ്യം + ആയ |
| സമീകൃതാഹാരം | - | സമീകൃതം + ആഹാരം |
| പോഷകാംശങ്ങൾ | - | പോഷകം + അംശങ്ങൾ |
| അത്യാവശ്യം | - | അതി + ആവശ്യം |

5. ജീവന്റെ നിലനിൽപിന് - ആഹാരം അത്യന്താപേക്ഷിതമാണ്.

   രുചിയുടെ അടിസ്ഥാനത്തിലല്ല - നല്ല ഭക്ഷണം ഏതെന്ന് തീരു



മാനിക്കേണ്ടത്.

ആഹാരം - മിതവും സമീകൃതവും ആയിരിക്കണം.

ഭക്ഷണത്തിന്റെ ഗുണം കുറയുമ്പോൾ - മനുഷ്യൻ രോഗിയായിത്തീരുന്നു.

അന്നജം, മാംസ്യം, കൊഴുപ്പുകൾ, ജീവകങ്ങൾ, ജലം - ആഹാരപദാർത്ഥങ്ങളിലെ പ്രധാന ഘടകങ്ങൾ

6. ആരോഗ്യത്തിന് പോഷകാംശമുള്ള ആഹാരം ആവശ്യമാണ്. എന്നാൽ അമിതഭക്ഷണം **അനാവശ്യമാണ്** . ആഹാരം **മിത**മായിരിക്കണം. വ്യായാമം ആരോഗ്യത്തിന് അത്യാവശ്യ ഘടകമാണ്. ആഹാരത്തിലെ ക്രമക്കേട് **അനാരോഗ്യത്തിന്** കാരണമാകുന്നു.

7. 1. ജീവന്റെ നിലനിൽപിന് അത്യന്താപേക്ഷിതമായ ഘടകമാണ് ആഹാരം.
   2. മനുഷ്യ ശരീരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജം ലഭിക്കുന്നതിനുള്ള ഏകസ്രോതസ്സ് ആഹാരപദാർത്ഥങ്ങളാണ്. അതിനാൽ ആഹാരം തിരഞ്ഞെടുക്കുന്ന കാര്യത്തിൽ നിഷ്ക്കർഷയും വിവേചനവും പുലർത്തണം.
   3. ഔഷധഗുണമുള്ള ആഹാരമാണ് നാം കഴിക്കേണ്ടത്. രുചിയുടെ അടിസ്ഥാനത്തിലല്ല നല്ല ഭക്ഷണം തീരുമാനിക്കേണ്ടത്.
   4. അന്നജം, മാംസ്യം, കൊഴുപ്പുകൾ, ജീവകങ്ങൾ, ധാതുലവണങ്ങൾ, ജലം എന്നിവയാണ് ഭക്ഷ്യവസ്തുക്കളിലെ പ്രധാന ഘടകങ്ങൾ.
   5. പാലിലും മുട്ടയിലും മതിയായ തോതിൽ പോഷകാംശങ്ങൾ ചേർന്നിരിക്കുന്നതിനാൽ അവയെ സമ്പൂർണാഹാരം എന്നു വിളിക്കുന്നു.

8. 1. മിക്ക രോഗങ്ങൾക്കുള്ള പ്രധാന കാരണമെന്ത് ?
   2. സമീകൃതാഹാരം എന്നാലെന്ത് ?
   3. ആരോഗ്യം നിലനിർത്താൻ എന്താണാവശ്യം ?
   4. ആഹാരം എങ്ങനെയുള്ളതായിരിക്കണം ?
   5. ശരീരത്തിന്റെ ശരിയായ പ്രവർത്തനത്തിന് അത്യാവശ്യമായ

രണ്ട് ആഹാര പദാർഥങ്ങൾ ഏതെല്ലാം ?

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. മേശപ്പുറത്ത് ചോറും കറികളും പാത്രങ്ങളിൽ വിളമ്പിവച്ചിരിക്കുന്നു. ഒന്നിലധികം കറികളുണ്ട്. രണ്ടുതരം കറികൾ സ്റ്റീൽ പാത്രങ്ങളിലും ചോറും മറ്റുകറികളും പ്ലേറ്റിലുമാണ്വച്ചിരിക്കുന്നത്.
2. അത്യന്താപേക്ഷിതം, ആയുസ്സ്, ഊർജം, ക്രമക്കേട്, ഗണ്യമായ, ഘടകം, ജീവകങ്ങൾ, ദൈനംദിനം, നിഷ്കർഷ, നിർണയിക്കുക, പദാർത്ഥങ്ങൾ, രുചി, വിവേചനം, സമീകൃതാഹാരം, സ്രോതസ്സ്.
3. 1. ആരുടെ വീടിനെപ്പറ്റിയാണ് പറയുന്നത് ?
   2. ജനലിന് എന്താണ് സംഭവിച്ചത് ?
   3. രാജേഷിന് എന്താണ് മനസ്സിലായത് ?
   4. ചിതൽ എന്തു കാണുമ്പോഴാണ് ഓടിയൊളിക്കുന്നത് ?
   5. ചിതൽ എന്തുകൊണ്ടാണ് കൂടുണ്ടാക്കിയത് ?
4. ഔഷധഗുണം - ഔഷധത്തിന്റെ ഗുണം,
   ആഹാരവസ്തുക്കൾ - ആഹാരമാകുന്ന വസ്തുക്കൾ
   പണച്ചെലവ് - പണത്തിന്റെ ചെലവ്
   പഴത്തൊലി - പഴത്തിന്റെ തൊലി
   വീട്ടുപേര് - വീടിന്റെ പേര്
5. ജന്മദിനത്തിൽ ഉണ്ടാക്കിയ പായസം കുടിച്ചു കുടിച്ചു മടുത്തു.
   റേഡിയോയിൽ വരുന്ന പഴയപാട്ടുകൾ കേട്ടുകേട്ട് മടുത്തു.
   ടെലിവിഷനിലെത്തുന്ന ചീത്ത സിനിമകൾ കണ്ടുകണ്ട് മടുത്തു.
   രാമുവിനോട് പഠിക്കാൻ പറഞ്ഞുപറഞ്ഞ് അവന്റെ അമ്മ മടുത്തു.

## നാറാണത്തു ഭ്രാന്തൻ

അഭ്യാസം 1, 2, 10 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. ഒന്നിന് ഒത്തിരി.



അച്ഛന്റെ ചിത ആളിപ്പടർന്നപ്പോൾ മാധവൻ ദുഃഖം സഹിക്കാനാവാതെ പൊട്ടിക്കരഞ്ഞു. അമ്മയും അനുജത്തിയും .................. സമീപം തന്നെ കുഴഞ്ഞുവീണു. ................... എരിഞ്ഞടങ്ങുന്നതുവരെ മാധവൻ അവിടെത്തന്നെ നിന്നു. മനുഷ്യന്റെ ജീവിതാവസാനം ഈ വിധം എരിഞ്ഞടങ്ങലാണ്. നന്മ ചെയ്യുവാൻ ഉള്ളതാണ് ............................ ജീവിതകാലം. പക്ഷെ എല്ലാ ................ അങ്ങനെ ചിന്തിക്കാതെ സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്നു. അങ്ങനെ ജീവിക്കുന്ന ........................ ഒരു പിടി ചാരമായി മണ്ണിനോട് അലിഞ്ഞുചേരും. മനുഷ്യസേവനം ചെയ്യുന്ന .................... മരിച്ചാലും ജീവിക്കും.

4. കല്ലുകളെടുത്ത് - കല്ലുകൾ + എടുത്ത്
   തീയെടുത്ത് - തീ + എടുത്ത്
   കളിയരങ്ങ് - കളി + അരങ്ങ്
   വലിയൊരു - വലിയ + ഒരു
5. വേഗം x സാവധാനം
   ഉണർന്നു x ഉറങ്ങി
   ഉറക്കെ x പതുക്കെ
6. 1. നാറാണത്തുഭ്രാന്തനാണ് ഒരു രാത്രിയിൽ ഒരു ചുടലക്കളത്തിലെത്തിയത്.
   2. അവിടെക്കിടന്ന മൂന്നു കല്ലുകളെടുത്ത് ഒരു അടപ്പുണ്ടാക്കി. ശ്മശാനത്തിൽ നിന്ന് ഒരു മൺകലത്തിൽ വെള്ളം കോരിക്കൊണ്ടുവന്ന് അടുപ്പിൽ വച്ചു. പിന്നെ ചിതയിൽ നിന്ന് തീയെടുത്ത് കത്തിച്ചു. ആഹാരം പാകമായപ്പോൾ വയറു നിറയെ ഊണുകഴിച്ച് അദ്ദേഹം കൂർക്കംവലിച്ച് ഉറക്കമായി.
   3. ചുടലഭദ്രകാളിയുടെ എഴുന്നള്ളത്താണ് ചുടലക്കളത്തിലെ കോലാഹലത്തിന് കാരണം.
   4. ചുടലക്കളത്തിന്റെ നടുവിൽ ആരേയും കൂസാതെ ഒരു മനുഷ്യൻ ഉറങ്ങുന്നത് കണ്ട് കാളിയമ്മയും പരിവാരങ്ങളും അത്ഭുതപ്പെട്ടു.
   5. "എടോ മനുഷ്യാ, ഇവിടന്ന് വേഗം പൊയ്ക്കോ. ഈ ചുടലക്കളം ഞങ്ങൾക്ക് പാതിരാ നൃത്തം ചെയ്യാനുള്ള കളിയരങ്ങാണ്!"

6. "ഓഹോ... എങ്കിൽ ഇപ്പോൾ എനിക്ക് പോകാൻ മനസ്സില്ല." നാറാണത്തുഭ്രാന്തൻ ഒട്ടും കൂസാതെ പറഞ്ഞു.

7. "എങ്കിലതൊന്നു കാണട്ടെ?" നാറാണത്തുഭ്രാന്തൻ വെല്ലു വിളിച്ചു. അതോടെ കാളിയമ്മയുടെ നാവിറങ്ങിപ്പോയി. ഭൂത പ്രേതാദികളും ചൂളിപ്പോയി.

7. 1. ആരാണ് നാറാണത്തുഭ്രാന്തൻ ?
2. നാറാണത്തുഭ്രാന്തൻ എങ്ങനെയാണ് അടുപ്പുണ്ടാക്കിയത്?
3. ഊണു കഴിച്ചതിനുശേഷം നാറാണത്തുഭ്രാന്തൻ എന്താണ് ചെയ്തത് ?
4. കാളിയമ്മ ചുടലക്കളത്തിൽ വന്നതെന്തിന് ?
5. നാറാണത്തുഭ്രാന്തൻ ധൈര്യശാലി ആയിരുന്നോ ?

8. പറയിപെറ്റ പന്തിരുകുലത്തിലെ ഏറ്റവും ഇളയ സന്തതിയായി രുന്നു പാക്കനാർ. പണം ആളെക്കൊല്ലിയാണ് എന്ന് വിശ്വസി ച്ചിരുന്ന പാക്കനാർ മുറങ്ങളുണ്ടാക്കി വിറ്റും ഭിക്ഷാടനം നടത്തി യുമാണ് ജീവിച്ചുവന്നത്.

9.

| | | |
|---|---|---|
| കാളിയമ്മ | : | എടോ മനുഷ്യാ, ഇവിടന്ന് വേഗം പൊയ്ക്കോ. ഈ ചുടലക്കളം ഞങ്ങൾക്ക് പാതിരാ നൃത്തം ചെയ്യാനുള്ള കളിയരങ്ങാണ്. |
| നാറാണത്തുഭ്രാന്തൻ | : | ഓഹോ... എങ്കിൽ ഇപ്പോഴെനിക്കു പോകാൻ മനസ്സില്ല. |
| കാളിയമ്മ | : | എങ്കിൽ നിന്നെ ഞങ്ങൾ ഭയപ്പെടുത്തിക്കൊല്ലും. |
| നാറാണത്തുഭ്രാന്തൻ | : | എങ്കിലതൊന്നു കാണട്ടെ. |

11. ഭാരതം, ഭൂപടം, ഉറ, മരം, വര, പട, പടി, മുന്തിരി, ചന്ത, ചിന്ത, പടക്കം, ഷീല, ഭൈരവി, വിഷം, തലവൻ, ഊമ, നിലക്കടല, ഗാനം, നയം, ഊഹം.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. നാറാണത്തുഭ്രാന്തൻ ചുടലക്കളത്തിൽ കിടന്നുറങ്ങുന്നു. തൊട്ട ടുത്ത അടുപ്പിൽ തീ കത്തുന്നു. തലയോട്ടികളും ചിതകളും കാണാം. ചുടലക്കളത്തിൽ മറ്റാരേയും കാണുന്നില്ല.

2. അകമ്പടി, ആർപ്പുവിളി, എഴുന്നള്ളത്ത്, കളിയരങ്ങ്, കൂസാതെ,



കോലാഹലം, ഗർജിക്കുക, ചിത, ചൂളുക, നട്ടപ്പാതിര, പരിവാര ങ്ങൾ, ഭ്രാന്തൻ, ശ്മശാനം.

3. 1. ഈ കഥയിലെ കഥാപാത്രങ്ങൾ ചമൻലാലും കനകറാമു മാണ്.
2. കനകറാമിൽനിന്ന് നൂറു സ്വർണനാണയങ്ങൾ കടം വാങ്ങിയെന്നാണ് ചമൻലാൽ സ്വപ്നത്തിൽ കണ്ടത്.
3. കനകറാം അത്യാഗ്രഹിയായിരുന്നു.
4. പണം തിരിച്ചുകൊടുക്കാൻ കനകറാം ആവശ്യപ്പെട്ടപ്പോ ഴാണ് ചമൻലാൽ അന്തംവിട്ടുപോയത്.
5. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

4. കടിച്ചെടുത്ത എല്ലിൻ കഷണം.
കറന്നെടുത്ത പശുവിൻ പാൽ
മുളപ്പിച്ചെടുത്ത പയർവിത്ത്
പറിച്ചെടുത്ത മുരിങ്ങയില

5. 1. വീട് വിട്ടിറങ്ങാൻ എന്താണ് കാരണം ?
2. ബന്ധുക്കളെ കാണാറുണ്ടോ ?
3. നാറാണത്തു ഭ്രാന്തനെന്ന പേരിട്ടതാര് ?
4. താങ്കൾക്ക് ഇപ്പോൾ എത്ര വയസ്സുണ്ട് ?
5. ഭക്ഷണത്തിനുള്ള പണം എങ്ങനെയാണ് കിട്ടുന്നത് ?
6. വസ്ത്രങ്ങൾ അലക്കുന്നത് ആരാണ് ?
7. താങ്കൾക്ക് ചങ്ങാതിമാരുണ്ടോ ?
8. താങ്കൾക്ക് ഇഷ്ടപ്പെട്ട ആഹാരം എന്ത് ?
9. എന്തുകൊണ്ടാണ് താങ്കൾ തനിച്ച് കഴിയുന്നത് ?
10. താങ്കൾക്ക് കുട്ടികൾക്ക് തരാനുള്ള ഉപദേശം എന്താണ് ?

## വെള്ളച്ചാട്ടം

അഭ്യാസം 1, 2, 7, 8 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാ പകൻ ചെയ്യേണ്ടതുള്ളൂ.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

കുഞ്ഞിന് പുഞ്ചിരി ആരു തന്നു ? അമ്മ സ്നേഹത്തോടെ ചോദി ച്ചപ്പോഴും അവൻ .......................... തൂകി. അവന്റെ ...................... കണ്ട് അമ്മ കവിളിൽ ഒരു ഉമ്മകൊടുത്തു.

വായുവിന്റെ ചലനത്തെയാണ് ..................... എന്നു പറയുന്നത്. സൂര്യന്റെ ചൂടേറ്റ് ..................... ഉയർന്നുപോകുമ്പോൾ അവിടേക്ക് തണുത്ത ........................ വന്നു നിറയുന്നു. ഇങ്ങനെയാണ് കാറ്റു ണ്ടാകുന്നത്.

4. നുറുങ്ങുകളായിരം - നുറുങ്ങുകൾ + ആയിരം

   വാനിലയുർത്തും - വാനിൽ + ഉയർത്തും

   നനഞ്ഞെങ്കിൽ - നനഞ്ഞു + എങ്കിൽ

   സംഗീതത്തിലലിഞ്ഞെങ്കിൽ - സംഗീതത്തിൽ+ അലിഞ്ഞു+ എങ്കിൽ

5. 1. ജലപാതം ആണ് പുഞ്ചിരി മാത്രം കോരിയെടുത്ത് കൊരു ത്തത്.
   2. നൂറായ് ചിതറിയ വെള്ളത്തുള്ളികളാണ് വായുവിലലി ഞ്ഞത്.
   3. മഴവില്ലായി ജനിക്കാനാണ് കവി ആഗ്രഹിക്കുന്നത്.
   4. ആകാശത്തിലാണ് സംഗീതം ഉയരുന്നത്.
   5. മഴവില്ലായി ജനിക്കാനും കുളിരിന്റെ കുഞ്ഞിത്തരികളിൽ അടിമുടി നനയാനും വായുവിൽ ഉയരുന്ന സംഗീതത്തിൽ അലിയാനുമാണ് കവി ആഗ്രഹിക്കുന്നത്.

6. പുഞ്ചിരി മാത്രം കോരിയെടുത്ത് ഉണ്ടാക്കിയതാണ് വെള്ളച്ചാ ട്ടം. നൂറായി ചിതറി വായുവിൽ ചിതറുന്ന ജലകണങ്ങളിൽ സൂര്യരശ്മികൾ തട്ടുമ്പോൾ മഴവില്ലിന്റെ നുറുങ്ങുകൾപോലെ അവ ശോഭിക്കുന്നു. വെള്ളത്തുള്ളികൾ ചെറുകയ്യുകൾ നീട്ടി ഇക്കിളി കൂട്ടുന്നു. എപ്പോഴും വായുവിൽ ശബ്ദമുയർത്തിക്കൊ ണ്ട് അവ താഴേക്ക് പതിക്കുന്നു. ഇങ്ങനെയുള്ള വെള്ളച്ചാട്ട ത്തിന്റെ മടിയിൽ മഴവില്ലായി ജനിക്കാൻ കവി ആഗ്രഹിക്കുന്നു. കുളിരുമായി വെള്ളം ചിതറി തെറിക്കുമ്പോൾ അതിനു കീഴെനിന്ന് നനയാനും വെള്ളച്ചാട്ടത്തിന്റെ സംഗീതത്തിൽ അലി യാനും കവി ആഗ്രഹിക്കുന്നു.

9. വിരിഞ്ഞ പൂവിൽ തേനുണ്ണാൻ

   കരിവണ്ടായി ജനിച്ചെങ്കിൽ



പൂങ്കാവുകളിൽ പാറിനടക്കും

ചിത്രശലഭമായി ജനിച്ചെങ്കിൽ.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. മനോഹരമായ ഒരു വെള്ളച്ചാട്ടം. ജലം പാറക്കെട്ടുകളിൽനിന്ന് താഴേക്ക് പതിക്കുന്നു. ജലത്തിനുമീതെ ഒരു പക്ഷി മത്സ്യത്തെ കൊത്തിയെടുക്കാൻ പോകുന്നു. പാറക്കെട്ടിനു മുകളിൽ സസ്യ ങ്ങൾ വളർന്നു നിൽക്കുന്നു. മലനിരകൾക്കു മുകളിൽ നീലാ കാശം കാണാം.
2. വന്നെങ്കിൽ, പോയെങ്കിൽ, കണ്ടെങ്കിൽ, കേട്ടെങ്കിൽ, ചെയ്തെ ങ്കിൽ, മാറിയെങ്കിൽ
3. താരകമായി ജനിച്ചെങ്കിൽ

   പനിനീർപ്പൂവായ് ജനിച്ചെങ്കിൽ

   കരിവണ്ടായി ജനിച്ചെങ്കിൽ

   കരിമുകിലായി ജനിച്ചെങ്കിൽ

   ഒരു മഴയായ് ജനിച്ചെങ്കിൽ

   ഒരു മരമായ് ജനിച്ചെങ്കിൽ
4. 1. ആരാണ് ചിറകു വീശി വരുന്നത് ?
   2. എവിടെയാണ് പക്ഷിക്കുഞ്ഞ് ഇരുന്നത് ?
   3. ചുണ്ടിലിരുന്നതെന്ത് ?
   4. എങ്ങനെയാണ് മന്ദാരത്തിന്റെ കൊമ്പിലിരുന്നത് ?
   5. മഞ്ചാടിക്കുരു എന്തു ചെയ്തു ?
5. ചെറുചിരി
6. അടിമുടി നിന്നു നനഞ്ഞെങ്കിൽ!

## അടുക്കളത്തോട്ടം

അഭ്യാസം 1, 2, അഭ്യാസം 6ലെ 1, അഭ്യാസം 9 എന്നീ പ്രവർത്തന ങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. ചെടിച്ചട്ടികളുപയോഗിച്ചും - ചെടിച്ചട്ടികൾ + ഉപയോഗിച്ചും

   അടുക്കളത്തോട്ടം - അടുക്കള + തോട്ടം

   പട്ടണങ്ങളിലാകട്ടെ - പട്ടണങ്ങളിൽ + ആകട്ടെ

4 വളങ്ങൾ, കീടനാശിനികൾ, വിത്തുകൾ, തോട്ടങ്ങൾ, മണ്ണ്, ചന്ത.

5. തക്കാളി: വീട്ടുവളപ്പിൽ കൃഷിചെയ്യാവുന്ന പച്ചക്കറിയിനമാണ് തക്കാളി. പഴുത്താൽ ചുവപ്പു നിറമാണ്. പോഷകങ്ങൾ ധാരാളം അടങ്ങിയിട്ടുണ്ട്. തക്കാളികൊണ്ട് പലവിധത്തിലുള്ള കറികൾ ഉണ്ടാക്കാം. പച്ചക്കറികടകളിൽ നിന്ന് നമുക്ക് തക്കാളി കുറഞ്ഞ വിലയ്ക്ക് കിട്ടുന്നു.

പയർ : പയർ വീട്ടുവളപ്പിൽ കൃഷിചെയ്യുന്ന പച്ചക്കറി യിനമാണ്. പലതരത്തിലുള്ള പയർ വിത്തുകൾ ഇന്നു ലഭ്യമാണ്. കുറഞ്ഞ കാലംകൊണ്ട് അധികം വിളവു തരുന്ന പയർവിത്തുകൾ കൃഷിഭവനുകളിൽനിന്നു നമുക്കു കിട്ടുന്നു. അധികം വളം ചേർക്കാതെയും കീടനാശിനി തളിക്കാതെയും പയർകൃഷി സാധ്യമാണ്. പയർ നല്ലൊരു ഭക്ഷ്യവിഭവമാണ്.

വഴുതന : വഴുതനങ്ങ പല നിറങ്ങളിലുണ്ട്. പച്ച, വയലറ്റ് എന്നീ നിറങ്ങളാണ് കൂടുതലായി കണ്ടുവരുന്നത്. വീട്ടുവളപ്പിൽ ചെലവില്ലാതെ കൃഷിചെയ്യാൻ കഴിയുന്ന ഒരിനമാണിത്. കുറഞ്ഞ സമയംകൊണ്ട് നല്ല വിളവു തരുന്നു. കറ കളഞ്ഞാണ് വഴുതനങ്ങ കറി വയ്ക്കുന്നത്.

ചീര : പച്ച, ചുവപ്പ് എന്നിങ്ങനെ രണ്ടിനമുണ്ട് ചീര. പോഷക സമൃദ്ധമായ ഇലക്കറിയാണ് ചീര. വീട്ടുവളപ്പിൽ കൃഷി ചെയ്യാവുന്ന ഒരിനംകൂടിയാണിത്. കുറഞ്ഞസമയം കൊണ്ട് കൂടുതൽ വിളവുതരുന്നു. ചീര അനുദിന ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

മത്തങ്ങ : ഇഴ വള്ളിയാണ്. ഇതിന്റെ തളിരിലകൾ പോഷകം നിറഞ്ഞതാണ്. പല വലിപ്പത്തിലുള്ള കായ്കൾ ലഭിക്കുന്നു. അത്യുല്പാദന ശേഷിയുള്ള വിത്തുകളാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. അവിയൽ, സാമ്പാർ തുടങ്ങിയ കറികളിൽ മത്തങ്ങ ഒഴിച്ചുകൂടാനാവാത്തതാണ്.

ചേന : കിഴങ്ങുവർഗത്തിൽപെട്ട ഒരു പച്ചക്കറിയിനമാണ് ചേന. വീട്ടുവളപ്പിൽ ചെയ്യാവുന്ന ഒന്നാണ് ചേനകൃഷി. ചേന കൊണ്ട് പലതരത്തിലുള്ള വിഭവങ്ങൾ ഉണ്ടാക്കാം. പച്ചക്കറി കടകളിൽനിന്ന് ചേന കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നു. പോഷകസമൃദ്ധമായ പച്ചക്കറിയിനമാണ് ചേന.

6. 2. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയിടമാണ് അടുക്കളത്തോട്ടം.

3. മട്ടുപ്പാവിൽ മണ്ണുനിറച്ചും ചെടിച്ചട്ടികളുപയോഗിച്ചും അടുക്കളത്തോട്ടം ഉണ്ടാക്കാം.

4. നല്ലയിനം തോട്ടങ്ങൾക്ക് സാമ്പത്തിക സഹായം പട്ടണങ്ങളിൽ നൽകുക. നല്ലതരം വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ തുടങ്ങിയവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക, മികച്ച തോട്ടങ്ങൾ കണ്ടെത്തി സമ്മാനം നൽകുക എന്നിവയാണ് കൃഷി വികസിപ്പിക്കുന്നതിന് സർക്കാർ ചെയ്യുന്ന സഹായങ്ങൾ.

5. ജലസേചന സൗകര്യവും സൂര്യപ്രകാശലഭ്യതയും കൃഷിക്കാവശ്യമുള്ള പ്രധാനഘടകങ്ങളാണ്. നീർവാർച്ചയുള്ള പശിമരാശിമണ്ണാണ് മലക്കറികൃഷിക്ക് ഏറ്റവും അനുയോജ്യം. നല്ലയിനം വിത്തുകൾ തിരഞ്ഞെടുക്കുക, യഥാകാലം വേണ്ടത്ര വളം ചേർക്കുക, കീടനാശിനികൾ പ്രയോഗിക്കുക എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇതെല്ലാം ആണ് അടുക്കള കൃഷി ചെയ്യുമ്പോൾ അറിയേണ്ട കാര്യങ്ങൾ.

6. കുടുംബാംഗങ്ങളുടെ ഒഴിവുവേളകൾ ആദായകരമാക്കാമെന്നതും അഭിരുചിയും ആവശ്യവും അനുസരിച്ചുള്ള പച്ചക്കറികൾ വീട്ടുവളപ്പിൽ നിന്ന് ലഭിക്കുമെന്നതുമാണ് അടുക്കളത്തോട്ടത്തിന്റെ പ്രയോജനം.

7. 1. ഏതെല്ലാം പച്ചക്കറി വിത്തുകളാണ് അടുക്കളത്തോട്ട കൃഷിക്ക് യോജിച്ചത് ?

2. ഏതെല്ലാം വളങ്ങളാണ് പച്ചക്കറിക്കൃഷിക്ക് അനുയോജ്യമായത് ?

3. കുറഞ്ഞകാലംകൊണ്ട് വിളവുതരുന്ന പച്ചക്കറികൾ ഏതെല്ലാം ?

4. അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ ഏതെല്ലാം ?

5. കൃഷി ചെയ്യുന്നതിനാവശ്യമായ വിവരം ലഭിക്കുന്നത് എവിടെ നിന്നാണ് ?

8. കത്തി, പാത്രങ്ങൾ, ചിരവ, അടുപ്പ്, തവി, ഭക്ഷണം, കലം, അരി, കടല, പയർ, ഇഞ്ചി, പച്ചമുളക്, വേപ്പില, കറിമസാല, ചോറ്, കിഴങ്ങ്, ഗ്ലാസ്, പ്രഷർ കുക്കർ, ശുചിത്വം, എണ്ണ.

ഭക്ഷണം വിളമ്പുന്നതിന് പാത്രങ്ങൾ വേണം.

അരിവയ്ക്കുന്നത് കലത്തിലാണ്.

ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നത് അടുക്കളയിലാണ്.

അടുക്കള ശുചിയായി സൂക്ഷിച്ചില്ലെങ്കിൽ രോഗം ഉണ്ടാകാൻ സാധ്യതയുണ്ട്. എലികളും മറ്റും കടക്കാതെ അടുക്കള ഭദ്രമായി സൂക്ഷിക്കണം.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. ഒരു വീടിനോട് ചേർന്നുള്ള അടുക്കളത്തോട്ടമാണ് ചിത്രത്തിൽ കാണുന്നത്. ഒരു കുലച്ച വാഴയുണ്ട്. പടവലവും മത്തയും വെണ്ടയും അടുക്കളത്തോട്ടത്തിലുണ്ട്. വൃത്തിയും വെടിപ്പും വ്യക്തമാണ്. ഒരുനില വീടാണ്.
2. അഭിരുചി, ഒഴിവുവേള, കീടനാശിനി, ജലസേചനം, നാട്ടിൻപുറം, പദ്ധതി, പരിഹരിക്കുക, മട്ടുപ്പാവ്, യഥാകാലം, വിപണി.
3. 1. പത്തൊൻപതുമാസം കഴിഞ്ഞപ്പോഴാണ് ഹെല്ലൻ കെല്ലർക്ക് രോഗം ബാധിച്ചത്.
   2. കാഴ്ചയില്ലാത്തവൾ, കേൾക്കാൻ കഴിയാത്തവൾ, സംസാരിക്കാൻ കഴിയാത്തവൾ.
   3. ഹെലൻ കെല്ലർക്കു അഞ്ചുഭാഷ അറിയാമായിരുന്നു.
   4. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
4. 1. സസ്യങ്ങൾക്ക് ആഹാരമുണ്ടാക്കാൻ കാർബൺഡൈ ഓക്സൈഡ് വേണം.
   2. വന്യമൃഗങ്ങൾ ഭക്ഷണത്തിനു സസ്യങ്ങളെ ആശ്രയിക്കുന്നു.
   3. എലികളുടെ പെരുപ്പത്തെ നിയന്ത്രിക്കുന്നത് പാമ്പുകളാ ണ്.
   4. എനിക്ക് അച്ഛന്റെ എഴുത്ത് കിട്ടി.
   5. നിങ്ങൾ എവിടെയൊക്കെ ഇവരെ കണ്ടിട്ടുണ്ട് ?
5. ആഹാരമില്ലാതെ മനുഷ്യൻ പട്ടിണിമൂലം മരിക്കും. പോഷകങ്ങളുടെ കുറവുമൂലം രോഗങ്ങൾക്ക് അടിമകളാകും. കൃഷി ചെയ്യാത്ത അവസ്ഥയിൽ ഭൂമിയിലെ ജീവിതം ദുസ്സഹമാകും.

## വീണ

അഭ്യാസം 1, 2 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം



ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക/ അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. ഒന്നിന് ഒത്തിരി.

   അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി ഖണ്ഡിക പൂർണമാക്കാം.

   ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രത്തിൽ നടന്ന സംഗീതക്കച്ചേരി കേൾക്കാൻ പോയപ്പോഴാണ് വിവേക് ആദ്യമായി <u>വീണ</u> കണ്ടത്. ......................... കമ്പികളിൽ വിരലുകളോടിക്കുന്നത് വിനോദ് വിസ്മയത്തോടെ നോക്കിനിന്നു. കഠിനമായ പരിശീലനത്തിലൂടെ മാത്രമെ ശ്രുതിമധുരമായി ...................... മീട്ടുവാൻ കഴിയൂ എന്ന് വിവേകിന് അച്ഛൻ പറഞ്ഞുകൊടുത്തു.

4.

| | | |
|---|---|---|
| താളക്കമ്പികൾ | – | താള + കമ്പികൾ |
| പേരിലായിരുന്നു | – | പേരിൽ + ആയിരുന്നു |
| സംഗീതോപകരണമാണ് | – | സംഗീതം + ഉപകരണം + ആണ് |
| വൈണികരെന്നാണ് | – | വൈണികർ + എന്ന് + ആണ് |
| കുഴിച്ചുണ്ടാക്കിയ | – | കുഴിച്ച് + ഉണ്ടാക്കിയ |
| സമാനമായ | – | സമാനം + ആയ |

5. 1. വൈണികർ
   2. പ്രസിദ്ധർ
   3. അധ്യാപകർ
   4. കച്ചവടക്കാർ
   5. ഇന്ത്യക്കാർ
6. 1. ഇന്ത്യയിലെ ഏറ്റവും പുരാതനമായ സംഗീതോപകരണമാണ് വീണ.
   2. യാഴ് എന്ന പേരിലായിരുന്നു വീണ അറിയപ്പെട്ടിരുന്നത്.
   3. പ്ലാവിന്റെ തടി കുഴിച്ചുണ്ടാക്കിയ വലിയ കുടം. കുടത്തിൽ നിന്ന് പുറപ്പെടുന്ന മരംകൊണ്ടുള്ള ദണ്ഡ്. ദണ്ഡിന്റെ അറ്റത്ത് വ്യാളിമുഖം. വ്യാളി മുഖത്തിനടുത്ത് വീണയെ താങ്ങിനിർത്താൻ സഹായിക്കുന്ന ചുരയ്ക്കാ കൊണ്ടുള്ള ചെറിയ കുടം. മരംകൊണ്ടുള്ള ദണ്ഡിന്റെ മുകളിൽ രണ്ടു വശങ്ങളിലും മെഴുകുകൊണ്ടുള്ള വരമ്പ്. വരമ്പിൽ കുറുകെ ഇരുപത്തിനാലു പിച്ചളമെട്ടുകൾ. മെട്ടുകൾക്ക് മീതെക്കൂടി

നാല് വാദ്യക്കമ്പികൾ. ദണ്ഡിന്റെ വശത്ത് മൂന്നു താളക്ക മ്പികൾ എന്നിവയാണ് വീണയുടെ പ്രധാന ഭാഗങ്ങൾ.

4. വലതുകയ്യിലെ ചൂണ്ടുവിരലും നടുവിരലുംകൊണ്ട് വീണ യുടെ തന്ത്രികളിൽ തട്ടുകയും ഇടതുകയ്യിലെ വിരലുകൾ ഉപയോഗിച്ച് മീട്ടുകയുമാണ് വീണയുടെ പ്രയോഗരീതി.

5. സംഗീതത്തിലെ ഏതുസ്വരവും രാഗസഞ്ചാരവും വീണ യിൽ കേൾപ്പിക്കാൻ കഴിയും. പാട്ടുകാരൻ തന്റെ തൊണ്ട ഉപ യോഗിച്ച് കേൾപ്പിക്കുന്ന സംഗീതവിശേഷങ്ങൾക്ക് സമാ ന മായ സംഗീതം വീണയിലൂടെ കേൾപ്പിക്കാൻ കഴിയും. അതുകൊണ്ടാണ് വീണയെ സമ്പൂർണവാദ്യമെന്ന് പറയു ന്നത്.

7. 1. എവിടെയാണ് യാഴ് പ്രദർശിപ്പിച്ചിട്ടുള്ളത് ?
   2. വീണയുടെ കുടം ഏതു മരം കുഴിച്ചാണ് നിർമിക്കുന്നത് ?
   3. പ്രസിദ്ധരായ വൈണികർ ആരെല്ലാം ?
   4. ഏറ്റവും നല്ല വീണകൾ ഉണ്ടാക്കുന്നത് എവിടെയാണ് ?
   5. വീണയുടെ പ്രത്യേകത എന്ത് ?

8. തബല, ഗിറ്റാർ, വയലിൻ, ഓർഗൻ, ഓടക്കുഴൽ, ചെണ്ട
   വിവരണം കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

9. മദ്ദളം, ചെണ്ട, മൃദംഗം, ഢക്ക, ഓടക്കുഴൽ, വീണ, മിഴാവ്, ഇടക്ക

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
2. തന്ത്രികൾ, പരിണാമം, പുരാതനമായ, പ്രസിദ്ധർ, മീട്ടുക, യാഴ്, വ്യാളിമുഖം.
3. വിപഞ്ചിക, വല്ലകി
4. 1. എവിടെയാണ് വള്ളൂരമ്മയുടെ ക്ഷേത്രം സ്ഥിതി ചെയ്യു ന്നത്?
   2. എപ്പോഴാണ് ഉത്സവം ?
   3. പണിയരുടെ വിശ്വാസമെന്ത് ?
   4. ആരുടെ ക്ഷേത്രമാണ് കബനീ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നത് ?



5. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ് ?

## കുഞ്ചൻ നമ്പ്യാർ

അഭ്യാസം 1, 2, 7, 8 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാ പകൻ ചെയ്യേണ്ടതുള്ളൂ.

3. രാജുവും ശേഖരനും സ്നേഹിതൻമാരായിരുന്നു. രണ്ടുപേരും ദുർഗുണങ്ങളുള്ള സഹപാഠികളെ **സത്ഗുണങ്ങൾ** ഉള്ളവരാ ക്കിമാറ്റി. ഒഴിവുസമയങ്ങളിൽ പണ്ഡിതന്മാരുടെ ജീവിത വിജ യകഥകളും **പാമരന്മാരുടെ** ദരിദ്രജീവിതകഥകളും പറഞ്ഞ് അവരെ അറിവുള്ളവരാക്കി. രാജുവിന്റെയും ശേഖരന്റെയും ആത്മാർഥത കണ്ടറിഞ്ഞ ക്ലാസ്സിലെ മിക്ക കുട്ടികളും സ്വാർഥത വെടിഞ്ഞ് **നിസ്വാർഥരായി** മാറി. മറ്റുള്ളവരുടെ മുമ്പിൽ അപ മാനിതരായി തീരുമായിരുന്ന അവരെ നല്ലവരാക്കിത്തീർത്ത രാജുവും ശേഖരനും മറ്റുള്ളവരുടെ മുമ്പിൽ **ബഹുമാനിതരാ യി**. .

4.

| | | |
|---|---|---|
| തുള്ളൽ | x | കുഞ്ചൻനമ്പ്യാർ |
| മിഴാവ് | x | കൂത്ത് |
| കിള്ളിക്കുറിശ്ശിമംഗലം | x | പാലക്കാട് |
| മാർത്താണ്ഡവർമ | x | രാജാവ് |
| കല്യാണ സൗഗന്ധികം | x | തുള്ളൽകൃതി |

5. 1. കുഞ്ചൻ നമ്പ്യാർ ആണ് തുള്ളൽകൃതിയുടെ കർത്താവ്.
   2. രണ്ട് നൂറ്റാണ്ടു മുമ്പ് പാലക്കാട് ജില്ലയിലെ കിള്ളിക്കുറിശ്ശി മംഗലത്ത് കലക്കത്ത് കുടുംബത്തിലാണ് കുഞ്ചൻ നമ്പ്യാർ ജനിച്ചത്.
   3. കേരളത്തിന്റെ അന്നത്തെ ജീവിതത്തിന്റെ പല ചിത്രങ്ങളും കുഞ്ചൻ നമ്പ്യാരുടെ കൃതികളിൽ കാണാം.
   4. ആളുകളുടെ ധനമോഹം, പൊങ്ങച്ചം, ഭീരുത്വം, അലസത, സ്വാർഥത, മദ്യപാനം എന്നിവയാണ് നമ്പ്യാരുടെ പരിഹാ സത്തിന് വിധേയമായ ദുർഗുണങ്ങൾ.
   5. മിഴാവു കൊട്ടുന്നതിനിടയിൽ നമ്പ്യാർ ഉറങ്ങിപ്പോയതിനാണ് ചാക്യാർ നമ്പ്യാരെ പരിഹസിച്ചത്.

6. ഒരിക്കൽ അമ്പലപ്പുഴ ക്ഷേത്രത്തിൽ ചാക്യാർകൂത്തു നടത്തുകയായിരുന്നു. മിഴാവ് കൊട്ടിയിരുന്നത് കുഞ്ചൻ നമ്പ്യാരും. മിഴാവ് കൊട്ടുന്നതിനിടയിൽ ഉറങ്ങിപ്പോയ നമ്പ്യാരെ ചാക്യാർ കണക്കറ്റു പരിഹസിച്ചു. അപമാനിതനായ നമ്പ്യാർ ചാക്യാരോട് പകരം വീട്ടാൻ ഉറച്ചു. അടുത്തദിവസം കൂത്തു നടക്കുന്നതിനടുത്തുതന്നെ നമ്പ്യാർ പുതിയ വേഷവിധാനത്തോടെ രസകരമായ പുതിയൊരു കലാരൂപം അവതരിപ്പിച്ചു.

6. 1. കുഞ്ചൻ നമ്പ്യാർ ഏതെല്ലാം രാജാക്കന്മാരുടെ ആശ്രിതനായിരുന്നു ?
   2. കുഞ്ചൻ നമ്പ്യാരെ ജനകീയ കവിയായി വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട് ?
   3. ഏതു ക്ഷേത്രത്തിലാണ് കൂത്തു നടന്നത് ?
   4. കുഞ്ചൻ നമ്പ്യാരുടെ ഏതാനും കൃതികൾ എഴുതാമൊ ?
   5. ജനകീയ കവിയാര് ?

9. നടത്തുകയായിരുന്നു - നടത്തുക + ആയിരുന്നു
   ഉണ്ടായതെന്നാണ് - ഉണ്ടായത് + എന്നാണ്
   കൊട്ടിയിരുന്നത് - കൊട്ടി + ഇരുന്നത്
   ആശ്രിതനായി - ആശ്രിതൻ + ആയി

10. കുഞ്ചൻനമ്പ്യാർ, വള്ളത്തോൾ, ചങ്ങമ്പുഴ

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
2. അലസത, ആശ്രിതൻ, കർത്താവ്, ചാക്യാർ, ദുർഗുണങ്ങൾ, ധനം, നൂറ്റാണ്ട്, പണ്ഡിതൻ, ഭീരുത്വം, മിഴാവ്, രചിക്കുക, സ്വാർത്ഥത.
3. 1. ഹനുമാൻ മഹേന്ദ്ര പർവതത്തിന്റെ മുകളിലാണ് കയറിയത്.
   2. ലങ്കാപുരിയിലാണ് ഹനുമാൻ മനസ്സുറപ്പിച്ചത്.
   3. തെക്കേ ദിക്കിലേക്കാണ് ദൃഷ്ടി പായിച്ചത്.
   4. വാൽ ഉയർത്തുകയും കൈകൾ ഇരുവശത്തേക്കും വിടർത്തിപ്പിടിച്ച് മാറിടം വികസിപ്പിക്കുകയും ശരീരം മുന്നോട്ട് വളച്ച് കാൽവിരലുകളിൽ ഉയർന്നു നിന്നു.



4. ഇന്നലെ അധ്യാപിക കഥകൾ പറഞ്ഞു.
   ഇന്നലെ ഞങ്ങൾ സിനിമ കണ്ടു.
   നാളെ ഞാൻ ഒരു പേന വാങ്ങും.
   നാളെ അവർ വിനോദയാത്രയ്ക്കു പോകും.
   നാളെ രേണു കുട വാങ്ങും.
5. 1. കുട, 2. ബ്ലാക്ക് ബോർഡ്
   3. മുട്ട 4. തണ്ണിമത്തൻ
6. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

## വിഷുക്കണി

അഭ്യാസം 1, 3, 4, 6 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

2. പൂത്തുലഞ്ഞു, പറന്നണഞ്ഞു, പൊന്നണിഞ്ഞു, വന്നണഞ്ഞു
5. 1. മഞ്ഞക്കണിക്കൊന്നയാണ് പൂത്തുലഞ്ഞത്.
   2. ചക്കയും ചക്കരമാമ്പഴവുമാണ് ചാഞ്ചക്കമാടുന്നത്.
   3. തേനുണ്ടുപാടി രസിക്കുവാനാണ് തുമ്പികൾ കാവുതോറും പാറുന്നത്.
   4. ലാത്തിരിയും പൂത്തിരിയും വാങ്ങുവാനായാണ് കുട്ടികൾ നാടുതോറും പായുന്നത്.
   5. കണിക്കൊന്ന പൂത്തുലയുകയും പാടങ്ങളെല്ലാം വിളഞ്ഞു പാകമാകുകയും ചെയ്യും. ചക്കയും മാങ്ങയും ഉണ്ടാകുന്ന കാലമാണ്. കണിവെള്ളരിക്കയും കായ്കനികളും കൊണ്ട് കണിയൊരുക്കുന്നു. പടക്കം പൊട്ടിച്ച് മേടവിഷു ആഘോഷിക്കുന്നു.
7. മഞ്ഞക്കണിക്കൊന്ന പൂവണിയുകയും മഞ്ഞക്കിളികൾ പറന്നെത്തുകയും ചെയ്തു. നെൽക്കതിരുകൾ വിളഞ്ഞ വയലുകൾക്ക് സ്വർണനിറമായി. വിഷുപ്പക്ഷിയും വന്നുചേർന്നു. കാവുകളിൽ ചക്കയും ചക്കര മാമ്പഴവും ചാഞ്ഞാടുന്നു. കാടുകളിൽ തേൻ കുടിക്കാൻ തുമ്പികൾ പറക്കുന്നു. വീടുകളിൽ കണിവെള്ളരിയും കായ്കനികളും കണിവെയ്ക്കുന്നു . പൂത്തിരി വാങ്ങുന്നതിന് കുട്ടികൾ ഓടിനടന്നു. സമൃദ്ധിയുടെ സന്തോഷവുമായി അങ്ങനെ

മേടമാസം പിറക്കുകയായി. അതിന്റെ ആഹ്ളാദത്തിൽ എങ്ങും മാലപ്പടക്കം പൊട്ടുന്നു. മേടമാസത്തിലെ വിഷുവിന്റെ മനോഹരമായ വാദ്യാഘോഷങ്ങൾ എല്ലായിടത്തും ഉയരുകയായി .

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. ഓടക്കുഴൽ ഊതുന്ന ശ്രീകൃഷ്ണന്റെ ചിത്രം കാണാം. ചന്ദനത്തിരിയും നിലവിളക്കും കത്തുന്നുണ്ട്. വാഴയിലയിൽ കണിവസ്തുക്കൾ കാണാം. വെള്ളരി, പഴം, മലർ, അടയ്ക്ക, പയർ, നെല്ല് എന്നിവയും കാണാം.
2. വീടുതോറും, കാവുതോറും, പൂവുതോറും, തെരുവുതോറും, ഗ്രാമങ്ങൾ തോറും.
3. വന്നെത്തി, ധരിച്ചു.
4. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
5. 1. പട്ടാളക്കാരാണ് പടവെട്ടാൻ പോകുന്നത്.
   2. തോക്കാണ് പട്ടാളക്കാരുടെ ചുമലിലിരിക്കുന്നത്.
   3. ബാന്റും കുഴലും കേൾക്കാനാണ് പരമരസം.
   4. പടവെട്ടാൻ തോക്കാണ് വേണ്ടത്.

## ഭൂമിയുടെ രക്ഷകൻ

അഭ്യാസം 1, 2, 8 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. തുടർച്ചയായ മഴയ്ക്കുശേഷം സൂര്യൻ ആകാശത്ത് പ്രത്യക്ഷമായപ്പോൾ എല്ലാവർക്കും ആശ്വാസമായി. പക്ഷെ കാർമേഘങ്ങൾക്കിടയിൽ സൂര്യൻ **അപ്രത്യക്ഷമായത്** പെട്ടെന്നായിരുന്നു. കനത്ത മഴ മൂലമുണ്ടായ വെള്ളപ്പൊക്കത്തിൽ വീടും കൃഷിയും നശിച്ചു. ഇനിയെല്ലാം **സൃഷ്ടിക്കണമെങ്കിൽ** ധാരാളം പണം വേണ്ടി വരും. നല്ല വീടുകളുടെ അന്തർഭാഗത്ത് വെള്ളം കയറിയില്ലെങ്കിലും **ബാഹ്യഭാഗം** മുഴുവൻ വെള്ളത്താൽ ചുറ്റപ്പെട്ടു. പ്രകൃതിക്ഷോഭം മൂലമുണ്ടായ ദുരിതം പരിഹരിക്കാൻ വഴക്കെല്ലാം മറന്ന് ശത്രുക്കൾപോലും **മിത്രങ്ങളായി** മാറി.
4. ഒന്നിന് ഒത്തിരി.

   അടിവരയിട്ട പദങ്ങളുടെ സമാനപദങ്ങളെഴുതി ഖണ്ഡിക പൂർണമാക്കാം.



ഭൂമിയിൽ എല്ലാ ജീവജാലങ്ങളും സഹകരിച്ച് ജീവിക്കേണ്ടത് നിലനില്പിന് അത്യാവശ്യമാണ്. കടലും പുഴയും കാടും മലയും ....................... വാസകേന്ദ്രമാക്കി മാറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ........................... നിന്നുലഭിക്കുന്ന വസ്തുക്കൾ ആവശ്യത്തിനുമാത്രം ഉപയോഗിക്കുന്ന ശീലം നാം വളർത്തിയെടുക്കണം.

പാമ്പും കീരിയും എന്ന് കേട്ടിട്ടില്ലേ? അവർ ശത്രുക്കളാണ്. അതുപോലെ എലിയുടെ ...................... ആണ് പൂച്ച. പൂച്ചയും കീരിയും അവരുടെ .................... കണ്ടാൽ അവയെ കൊന്നേ പിന്മാറൂ. ഇതുപോലെ നിങ്ങൾക്ക് എത്ര ജോഡി ................... കണ്ടെത്താം.

5. ആരോരുമില്ലാതിരുന്ന - ആരോരും + ഇല്ലാതിരുന്ന

   കാലമുണ്ടായിരുന്നു - കാലം + ഉണ്ടായിരുന്നു

   അഭാവമായിരുന്നു - അഭാവം + ആയിരുന്നു
6. ഓക്സിജൻ - വാതകം

   സൂര്യൻ - മാരകരശ്മികൾ

   സമുദ്രാന്തർഭാഗം - ജീവൻ

   ഓസോൺ - രക്ഷകൻ

   അന്റാർട്ടിക്ക - വിള്ളൽ
7. 1. ഭൂമിയാണ് ജീവൻ നിലനിൽക്കുന്ന ഒരേയൊരു ഗ്രഹം.
   2. ജീവന്റെ നിലനിൽപിന് ആവശ്യമായ ഓക്സിജന്റെ അഭാവമായിരുന്നു ലക്ഷക്കണക്കിന് വർഷങ്ങൾക്കുമുമ്പ് ഭൂമിയിൽ ജീവൻ ഉണ്ടാകാതിരുന്നതിന്റെ കാരണം.
   3. സൂര്യരശ്മികൾ കടന്നെത്താത്ത സമുദ്രാന്തർഭാഗങ്ങളിൽ ജീവന്റെ ആദ്യഅടയാളങ്ങൾ സസ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഈ സസ്യങ്ങൾ ഉല്പാദിപ്പിച്ച ഓക്സിജൻകൊണ്ട് ക്രമേണ ഭൗമാന്തരീക്ഷം നിറഞ്ഞു. ബാഹ്യാകാശത്തിലേക്ക് വ്യാപിച്ച ഓക്സിജൻ കാലക്രമത്തിൽ ഓസോൺ വാതകമായി രൂപാന്തരപ്പെടുകയും ചെയ്തു.
   4. മാരകമായ സൂര്യരശ്മികളെ അരിച്ചുമാറ്റിയാണ് ഓസോൺപാളി സൂര്യപ്രകാശത്തെ ഭൂമിയിലേക്ക് കടത്തിവിടുന്നത്. ഇങ്ങനെയാണ് ഓസോൺ പാളി ഭൂമിയെ രക്ഷിക്കുന്നത്.

5. ക്ലോറോഫ്ളൂറോ കാർബൺ എന്ന വാതകമാണ് ഓസോൺ പാളികളെ നശിപ്പിക്കുന്നത്.

9. 1. ഭൂമിയിൽ ജീവൻ നിലനിർത്തുന്ന ഘടകമേത് ?
2. ഓസോണിന്റെ മുഖ്യശത്രു ആര് ?
3. ജീവന്റെ ആദ്യ അടയാളങ്ങൾ ഏതു രൂപത്തിലാണ് പ്രത്യക്ഷപ്പെട്ടത് ?
4. ഭൗമാന്തരീക്ഷത്തിൽ ഓക്സിജൻ നിറഞ്ഞതെങ്ങനെ?
5. ബാഹ്യാകാശത്തിലേക്ക് വ്യാപിച്ച ഓക്സിജൻ എന്തായി രൂപാന്തരപ്പെട്ടു ?

10. ജീവൻ, ചന്ദ്രൻ, ചൂട്, കാറ്റ്, മഴ, കാർമേഘം, രശ്മി, വെയിൽ, വേലിയേറ്റം, സസ്യങ്ങൾ, വെള്ളം, മരം.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. നീലാകാശത്തിൽ ജ്വലിക്കുന്ന സൂര്യൻ. കുന്നിൻ മുകളിൽ പ്രകാശം പരക്കുന്നു. തെങ്ങും സസ്യങ്ങളും ചിത്രത്തിലുണ്ട്. ചിത്രത്തിൽ സൂര്യന്റെ നിറം മഞ്ഞയാണ്.

2. അന്തർഭാഗം, അഭാവം, ഓക്സിജൻ, ക്രമേണ, പ്രക്രിയ, ബാഹ്യാകാശം, ഭൗമാന്തരീക്ഷം, മാരകമായ, രൂപാന്തരപ്പെടുക, ലക്ഷണം, വാതകം.

3. 1. നഷ്ടം വരുത്തിവയ്ക്കുന്നതെന്താണ് ?
2. എന്താണ് പാഴായിപ്പോകാതെ സൂക്ഷിക്കേണ്ടത് ?
3. ഏകദേശം എത്ര നോട്ടുബുക്കുകൾ നിങ്ങൾ ഒരു വർഷം എഴുതാൻ ഉപയോഗിക്കുന്നു ?
4. നിസ്സാരമായി തള്ളിക്കളയുന്നതും നഷ്ടം വരുത്തുന്നതുമായ രണ്ട് കാര്യങ്ങൾ എഴുതൂ.

4. ഭൂതലത്തിൽ, വൈരിയും.

5. ആന, പന, വനം, തടി, വീട്.
മാല, താലി, വള, വളം, വിള.
പുലി, പൂച്ച, നഖം, നര, നരി.

## പ്രൊമിത്യൂസ്

അഭ്യാസം 1, 2, 10 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

കുംഭകോണത്തുണ്ടായ <u>അഗ്നി</u> ബാധയിൽ തൊണ്ണൂറ് കുട്ടികളാണ് വെന്തുമരിച്ചത്. ഓലമേഞ്ഞ സ്കൂൾ കെട്ടിടത്തിന് .............................. പിടിച്ചതാണ് അപകടത്തിന് കാരണം. ധാരാളം കുട്ടികൾക്ക് ........................ പൊള്ളലേറ്റു. സ്കൂൾ കെട്ടിടത്തോടു ചേർന്നുള്ള അടുക്കളയിൽ നിന്നാണ് .............................. പടർന്നത്. കുഞ്ഞുങ്ങൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ .......................... എതിരെ കരുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

4. 1. രാമു <u>ആദ്യവും</u> രമ **<u>അവസാനവും</u>** ആണ് ഭക്ഷണം കഴിച്ചത്.
2. ചില ആളുകൾ <u>ദൃഢചിത്തരും</u> മറ്റു ചിലർ **<u>ലോലചിത്തരും</u>** ആയിരിക്കും.
3. മനുഷ്യർ വിഷമം വന്നാൽ <u>കരയുകയും</u> സന്തോഷം വന്നാൽ **<u>ചിരിക്കുകയും</u>** ചെയ്യും.
4. ദേശീയ പതാക <u>ഉയർത്തിയാൽ</u> സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ് **<u>താഴ്ത്തണം</u>** .

5. കൊടുംകാടിനടുത്തുള്ള – കൊടുംകാടിന് + അടുത്തുള്ള
മാപ്പപേക്ഷിക്കാൻ – മാപ്പ് + അപേക്ഷിക്കാൻ
വളർന്നുകൊണ്ടിരുന്നു – വളർന്നുകൊണ്ട് + ഇരുന്നു

6. ഭൂമി, തീ, സ്യൂസ്, ഒളിമ്പസ്, പ്രൊമിത്യൂസ്, ഗ്രീക്കുകാർ, സിഥിയൻ, വജ്രകീലം, കരൾ, കഴുകൻ, ഹൃദയം, മഞ്ഞ്, മഴ, വെയിൽ.

7. 1. ദേവേന്ദ്രനായ സ്യൂസ് ഒളിമ്പസ് പർവതത്തിലാണ് അഗ്നിയെ ഒളിപ്പിച്ചു വെച്ചിരുന്നത്.
2. പ്രൊമിത്യൂസ് എന്ന ദേവനായിരുന്നു ഭൂമിയിൽ തീയെത്തിച്ചത്.
3. തീയുടെ കണ്ടുപിടിത്തമാണ് പരിഷ്ക്കാരങ്ങളുടെ അടിസ്ഥാനമായിത്തീർന്നത്.
4. പ്രൊമിത്യൂസിനെ പിടിച്ചുകെട്ടി, സിഥിയൻ കൊടുംകാടിനടുത്തുള്ള കിഴുക്കാംതൂക്കായ ഒരു പാറയിൽ പ്രൊമിത്യൂസ് ബന്ധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിരിമാറിൽ വജ്രകീലം

അടിച്ചുകയറ്റി. ഇതെല്ലാമായിരുന്നു തീ മോഷ്ടിച്ചതിന് പ്രൊമിത്യൂസിന് കിട്ടിയ ശിക്ഷകൾ.

5. കഴുകന്മാർ പ്രൊമിത്യൂസിന്റെ കരൾ കൊത്തിവലിച്ചുതിന്നു. തിന്നുംതോറും അദ്ദേഹത്തിന്റെ ഹൃദയം വളർന്നുകൊണ്ടിരുന്നു. ഇതാണ് അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ പ്രത്യേകത.

6. ദൃഢചിത്തനായ പ്രൊമിത്യൂസിന്റെ സഹനശക്തിയുടെയും ക്ഷമാശീലത്തിന്റെയും മുമ്പിൽ സ്യൂസ് മുട്ടുമടക്കി.

8. 1. ആരാണ് തീ ഒളിച്ചുവച്ചത് ?
2. ഗ്രീക്കുകാരുടെ വിശ്വാസം എന്ത് ?
3. സ്യുസ് രോഷം കൊള്ളാൻ കാരണമെന്ത് ?
4. പ്രൊമിത്യൂസ് എന്തിന്റെ മൂർത്തീഭാവമായിരുന്നു ?
5. സ്യൂസ് പ്രൊമിത്യൂസിനെ മോചിപ്പിക്കാൻ കാരണമെന്ത്?

9. മനുഷ്യന്റെ അനുദിന ജീവിതവുമായി ബന്ധപ്പെട്ട അത്യാവശ്യഘടകമാണ് തീ. റോക്കറ്റായാലും വിമാനമായാലും ബസ്സായാലും ഇന്ധനം കത്തുമ്പോഴുണ്ടാകുന്ന ഊർജം കൊണ്ടാണ് സഞ്ചരിക്കുന്നത്. തീ ഇല്ലാത്ത അവസ്ഥ വന്നാൽ മനുഷ്യജീവിതം തന്നെ നിശ്ചലമാകും. പുരോഗതിയുടെ എല്ലാ കവാടങ്ങളും എന്നെന്നേക്കുമായി അടഞ്ഞുപോകും.

11. പുക, ചാരം, ചൂട്, സ്റ്റൗ, അടുപ്പ്

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. പ്രൊമിത്യൂസിനെ പാറയിൽ ബന്ധിച്ചിരിക്കുന്നു. വണ്ണംകൂടിയ കയറുകൊണ്ടാണ് ബന്ധിച്ചിരിക്കുന്നത്. ഒരു കഴുകൻ അദ്ദേഹത്തിന്റെ നെഞ്ചിൽ കൊത്തുന്നു. നെഞ്ചിൽനിന്നു ചോരയൊഴുകുന്നു. അദ്ദേഹത്തിന്റെ നെഞ്ചിൽ വജ്രകീലം തറച്ചിരിക്കുന്നു.

2. സ്യൂസ് - അത്രയ്ക്കായോ ? പ്രൊമിത്യൂസിന് ഇത്രധിക്കാരമോ? നിന്നെ നിലയ്ക്കു നിർത്താമോ എന്ന് ഞാനൊന്നു നോക്കട്ടെ.

പ്രൊമിത്യൂസ് - എന്നെ വധിക്കാൻ സ്യൂസിനെക്കൊണ്ട് സാധ്യമാകില്ല.

3. തീ, പാവകനെ.



4. ഒരു ദിവസം കുഞ്ഞിപ്പൂച്ച ഒരു പാമ്പിനെ കണ്ടു. താമസിയാതെ അവർ ചങ്ങാതിമാരായി. ഇതറിഞ്ഞ അമ്മപ്പൂച്ച കുഞ്ഞിപ്പൂച്ചയുടെ പാമ്പുമായുള്ള ചങ്ങാത്തം അപകടമാണെന്ന് ഉപദേശിച്ചെങ്കിലും കുഞ്ഞിപ്പൂച്ച അതിന്റെ ഗൗരവം മനസ്സിലാക്കിയില്ല. ഒരു ദിവസം ഒരു നായയെക്കണ്ട് ഭയന്നോടിയ കുഞ്ഞിപ്പൂച്ച ഇരവിഴുങ്ങി കിടന്നിരുന്ന പാമ്പിനെ അറിയാതെ ചവിട്ടിപ്പോയി. തന്റെ ശത്രുവാണെന്നു കരുതി പാമ്പ് കുഞ്ഞിപ്പൂച്ചയെ കടിക്കുകയും അതിന്റെ കഥ തീരുകയും ചെയ്തു.

5. തീവണ്ടി, റെയിൽപാളം, ചരക്ക്, ചന്ത, കാളവണ്ടി

വിമാനം, ആകാശം, മഴ, ചളി, പുഴു.

ബസ്സ് സ്റ്റോപ്പ്, സ്കൂൾ, മണിയടി, ഐസ്.

പൂവ്, വർണം, കടലാസ്, അക്ഷരം, പെൻസിൽ

## സ്വാതന്ത്ര്യദിനാഘോഷം

അഭ്യാസം 1, 2, 8 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. വിദ്യാർത്ഥികൾക്കെല്ലാം - വിദ്യാർത്ഥികൾക്ക് + എല്ലാം
നാടൊരുങ്ങുകയാണ് - നാട് + ഒരുങ്ങുകയാണ്
ആണെന്ന് - ആണ് + എന്ന്
തിരക്കിലാണ് - തിരക്കിൽ + ആണ്
അതൊന്നു - അത് + ഒന്ന്

4. 1. കൊടിതോരണങ്ങൾ
2. വാദ്യാഘോഷങ്ങൾ
3. കൈകാലുകൾ
4. സുഖദുഃഖങ്ങൾ
5. മാതാപിതാക്കൾ

5. സ്വാതന്ത്ര്യദിനം, വിവാഹദിനം, ഉത്സവദിനം, സമ്പാദ്യശീലം, അച്ചടക്കശീലം, ജലക്ഷാമം.

6. 1. ആഗസ്റ്റ് പതിനഞ്ചിനാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത്.

2. നാലാം ക്ലാസ്സിലെ വിദ്യാർത്ഥികളാണ് നോട്ടീസ് തയ്യാറാക്കിയത്.

3. മാവേലിപുരം പ്രാഥമിക പാഠശാല എന്നാണ് സ്കൂളിന്റെ പേര്.

4. ഹെഡ്മാസ്റ്റർ കെ. മുഹമ്മദ് കുഞ്ഞ്, പ്രസിഡന്റ് വി.കെ. ഗോപാലൻ, സ്കൂൾ ലീഡർ ലീനാ മാത്യു എന്നിവരെല്ലാം ചേർന്നാണ് സ്വാതന്ത്ര്യദിനാഘോഷപരിപാടിയിലേയ്ക്ക് ക്ഷണിച്ചിരിക്കുന്നത്.

5. ഈശ്വരപ്രാർത്ഥന

സ്വാഗതപ്രസംഗം

ഉപക്രമം

പ്രസംഗങ്ങൾ 1. ................................

2. ................................

3. ................................

കൃതജ്ഞത

7. 1. എത്രാമത്തെ സ്വാതന്ത്ര്യദിനമാണ് കഴിഞ്ഞവർഷം ആഘോഷിച്ചത് ?

2. പതാക ഉയർത്തുന്നതാര് ?

3. ആരാണ് യോഗത്തിന്റെ അധ്യക്ഷൻ ?

4. സരസമ്മ രഘു ആരാണ് ?

5. ആരാണ് വാർഡുമെമ്പർ ?

9. വലത്തോട്ട്

1. കുതിര

3. മാല

4. രമണൻ

6. പകൽ

7. കവി

താഴോട്ട്

1. കുരച്ചാൽ

2. തിര



5. മയിൽ

6. പണം

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

2. 1. താങ്കളോടൊപ്പം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർ ആരെല്ലാമാണ് ?

2. പോലീസ് മർദിച്ചിട്ടുണ്ടോ ?

3. ജയിലിൽ കിടന്നിട്ടുണ്ടോ ?

4. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ എന്തൊക്കെ പരിപാടികളാണ് സംഘടിപ്പിച്ചത് ?

5. എന്തുകൊണ്ടാണ് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തത് ?

3. ഉപക്രമം

ആസൂത്രണം

സഹകരണം

ക്ഷണിക്കുക.

4. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

5. തടാകം, കുളിര്, വിഷമം, പൊട്ടിക്കരഞ്ഞു.

## തുരിയൻ തമ്പുരാൻ

അഭ്യാസം 1, 2, 4 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. സൂര്യൻ ഉദിച്ചപ്പോൾ കിഴക്കെ ആകാശം ചുവന്നപട്ട് വിരിച്ച പോലെയായി. സൂര്യഭഗവാൻ ഉദിച്ചുയരുകയാണ്. അല്ലയൊ ഭഗവാനെ, പൂവിന്റെ നിറം നൽകി എന്തിനെയും മനോഹരമാക്കാൻ അങ്ങ് വന്നുദിക്കണേ. തെറ്റിപ്പൂവിന്റെയും വാഴപ്പൂവിന്റെയും കോഴിപ്പൂവിന്റെയും നിറത്തിൽ അങ്ങ് വന്നുദിക്കണേ. സൂര്യഭഗവാൻ ഉദിച്ചുയർന്നപ്പോൾ ഇരുട്ട് മറയുകയും പുഴ വെള്ളം തെളിയുകയും ചെയ്തു. വിളവുണ്ടാക്കുകയും പ്രകാശം പരത്തുകയും ചെയ്യുന്ന ദയാമൂർത്തിയായ സൂര്യാ, ഇരുട്ടിന്റെ തലതല്ലിപ്പൊളിക്കാൻ മടക്കമില്ലാതെ വന്നുദിക്കണേ. ശോഭയുള്ള ഭഗവാനെ കണികണ്ടുണരാൻ പുരമുറ്റം തൊഴുത് ഞാനിറങ്ങുന്നു.

5. ഭൂമിയിൽ ജീവൻ നിലനിർത്തുന്നത് സൂര്യനാണ്. മനുഷ്യൻ സമയം തിട്ടപ്പെടുത്തിയിരിക്കുന്നത് സൂര്യനെ അടിസ്ഥാനപ്പെടുത്തിയാണ്. പകലും രാത്രിയും ഉണ്ടാകുന്നത് സൂര്യൻ മൂലമാണല്ലൊ. സൂര്യനുദിക്കാത്ത ദിവസമുണ്ടായാൽ ജീവജാലങ്ങളുടെ ജീവിതത്തെ മുഴുവൻ അതു ബാധിക്കും.

6.
1. കിഴക്കേമാനത്താണ് സൂര്യൻ ഉദിച്ചത്.
2. കിഴക്കേമാനത്താണ് ചെമ്പട്ട് വിരിച്ചത് പോലെയായത്.
3. ഇരുട്ട് മറയുകയും പുഴവെള്ളം തെളിയുകയും ചെയ്തു.
4. ഇരുട്ട് ഇല്ലാതാക്കാനാണ് എല്ലാ ദിവസവും സൂര്യനുദിക്കണമെന്ന് പറയുന്നത്.
5. ഇരുട്ടില്ലാതാക്കുകയും പുഴവെള്ളം തെളിക്കുകയും ചെയ്യുന്നു. നല്ല വിളവുണ്ടാക്കുന്നു.
6. സൂര്യനെയാണ് കണികണ്ടുണരേണ്ടത്.

7. വലത്തോട്ട്
1. ഭാരതപ്പുഴ
3. വിദ്യ
4. പകുതി
5. നേത്രം
6. ചീര
7. ആകാശം
10. നങ്കൂരം
11. പടക്കം

താഴോട്ട്
1. ഭാരം
2. കുതിര
7. ആന
8. രൂപ
9. കുട

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. ആകാശത്തിൽ സൂര്യനെ കാണാം. കുന്നിന്റെ താഴെ മരങ്ങൾ



നിൽക്കുന്നു. പുഴയുടെ തീരത്ത് പുൽപ്പരപ്പുണ്ട്. അസ്തമയത്തിന്റെ നിറമാണ് ആകാശത്തിന്. പുഴയുടെ മറുവശത്ത് വയലുണ്ട്.

2. കെയക്ക് - കിഴക്ക്, പകവാൻ - ഭഗവാൻ, വായപ്പൂ - വാഴപ്പൂവ്, കോയിപ്പൂ - കോഴിപ്പൂവ്, കാരിയം - കാര്യം, പൊയവെള്ളം - മഴവെള്ളം, കാവലം - കാഫലം, പൊര - പുര.

3. തുരിയൻ തമ്പുരാൻ
കാരിയം പറഞ്ഞപ്പം
ഇരുളെല്ലാം മറഞ്ഞല്ലൊ
പൊയവെള്ളം തെളിഞ്ഞല്ലോ.

4. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.

5. നാടൻപാട്ട് - പാടിപ്പാടി പ്രചാരത്തിലാകുന്നു, നാടൻ പാട്ടുകളുടെ സൃഷ്ടാക്കളെപ്പറ്റി അറിയില്ല, ഉച്ചാരണം ശരിയായ രീതിയിലല്ല, നാടൻപാട്ടിന് പ്രത്യേക രചനാരീതികളില്ല.

കവിത - വായനയിലൂടെ പ്രചാരത്തിലാകുന്നു, കവിത എഴുതുന്നവരെ വായനക്കാർക്ക് അറിയാം, ശരിയായ പദങ്ങൾ ഉപയോഗിക്കുന്നു, കവിതയ്ക്ക് പ്രത്യേക രചനാരീതികളുണ്ട്.

## ഇ-മെയിൽ

അഭ്യാസം 1, 2, 7 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3.

| | | |
|---|---|---|
| കത്തയയ്ക്കാൻ | - | കത്ത് + അയയ്ക്കാൻ |
| അതെങ്ങനെ | - | അത് + എങ്ങനെ |
| കോർത്തിണക്കിയാണ് | - | കോർത്തിണക്കി + ആണ് |
| കഴിയാതെയാണ് | - | കഴിയാതെ + ആണ് |
| ആരെങ്കിലും | - | ആര് + എങ്കിലും |

4.
1. ഇന്നലെ അവൾ പച്ചവെള്ളം പോലും കുടിച്ചില്ല.
2. പാതിരാത്രിയായിട്ടുപോലും അയാൾ തനിച്ച് വീട്ടിലേക്കു നടന്നുപോയി.

3. കുട്ടിയായിട്ടുപോലും അവൻ ആ ധീരകൃത്യം ചെയ്തു.

5. 1. അനിത പറഞ്ഞ പലകാര്യങ്ങളും അശ്വതി <u>വിശ്വസിച്ചു</u>. പക്ഷെ ഇ-മെയിൽ അയക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ അശ്വതി അനിതയെ **<u>അവിശ്വസിച്ചു</u>** .

2. നെറ്റിപ്പട്ടമണിഞ്ഞ ആനകൾ ഘോഷയാത്രയുടെ <u>മുമ്പിൽ</u> നിരന്നപ്പോൾ വാദ്യമേളക്കാർ അതിനു **<u>പിമ്പിൽ</u>** അണിനിരന്നു.

6. 1. 1972-ൽ ടോമിസെൺ ആണ് ഇ-മെയിൽ കണ്ടുപിടിച്ചത്.

2. ലോകം മുഴുവൻ പരന്നു കിടക്കുന്ന വലിയൊരു കമ്പ്യൂട്ടർ ശൃംഖലയാണ് ഇന്റർനെറ്റ്.

3. ഇന്റർനെറ്റുമായി ഘടിപ്പിച്ച കമ്പ്യൂട്ടർ വഴി സന്ദേശങ്ങൾ ലോകത്തെവിടെയുമുള്ള ഇന്റർനെറ്റ് ഉപയോഗിക്കുന്നവർക്ക് കൈമാറുന്ന സംവിധാനത്തെയാണ് ഇ-മെയിൽ എന്നു പറയുന്നത്.

4. തപാലിന്റെയും ടെലിഫോണിന്റെയും സേവനങ്ങൾ കോർത്തിണക്കിയാണ് ഇന്റർനെറ്റിൽ ഇ-മെയിൽ രൂപപ്പെടുത്തിയിരിക്കുന്നത്.

5. കത്ത് കിട്ടേണ്ടയാളുടെ മേൽവിലാസം കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യണം. പിന്നീട് കത്ത് ടൈപ്പ് ചെയ്യണം. കത്ത് പൂർണമായാൽ കമ്പ്യൂട്ടറിന് കത്തയക്കാനുള്ള നിർദേശം നൽകുക. ഇത്രയും ചെയ്താൽ കത്ത് മേൽവിലാസക്കാരന് നിമിഷങ്ങൾക്കുള്ളിൽ കിട്ടും. ഇങ്ങനെയാണ് ഇ-മെയിൽ അയക്കുന്നത്.

8. വലത്തോട്ട്

1. മുത്തങ്ങ
2. ആനന്ദം
4. ഇറാഖ്
7. വിദ്യ
8. പാനീയം

താഴോട്ട്

1. മുയൽ



3. നടി
4. ഇന്ത്യ
5. വിനയം
6. യുദ്ധം

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. അശ്വതിയേയും അച്ഛനേയും കാണാം. അശ്വതി സ്കൂൾ വേഷമാണ് ധരിച്ചിരിക്കുന്നത്. മേശപ്പുറത്താണ് കമ്പ്യൂട്ടർ വെച്ചിരിക്കുന്നത്. മുറിക്ക് നീല ചായമാണ് പൂശിയിരിക്കുന്നത്.
2. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
3. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
4. ഇന്നലെ ഞാൻ സ്കൂളിൽ പോയിരുന്നു.

തെറ്റു ചെയ്തവരാണ് തടവിൽ കഴിയേണ്ടി വരുന്നത്.

5.

| | | |
|---|---|---|
| ടെലിഫോൺ | - | അലക്സാണ്ടർ ഗ്രഹാംബെൽ |
| ബാൾപോയിന്റ് പേന | - | ജോൺ ലൗഡ് |
| സൈക്കിൾ | - | കിർക്പാട്രിക് മാക്മില്ലൻ |
| റെഫ്രിജറേറ്റർ | - | ജെയിംസ് ഹാരിസൺ |
| കാൽക്കുലേറ്റർ | - | ബെയ്സ് പാസ്കൽ |
| ടെലിവിഷൻ | - | ജോൺ ലോഗി ബെയ്സ് |
| തെർമോ ഫ്ളാസ്ക് | - | സർ ജെയിംസ് ഡീവർ |
| തെർമോ മീറ്റർ | - | ഗബ്രിയേൽ ഡാനിയേൽ ഫാരൻഹീറ്റ് |
| ടയർ | - | ജോൺ ബോയ്ഡ് ഡൺലപ്പ് |

## ഗുരുവിന്റെ ദുഃഖം

അഭ്യാസം 1, 2, അഭ്യാസം 4ലെ 7-ാമത്തെ ചോദ്യം, അഭ്യാസം 9 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. ഒന്നിന് ഒത്തിരി - അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

രാമു <u>ഗൃഹത്തിൽ</u> എത്തിയപ്പോൾ നേരം വൈകി. കൂട്ടുകാരു

മൊത്തു വഴിയിൽ കളിച്ചുനിന്നതാണ് ........................... വൈകി യെത്താൻ കാരണം. അച്ഛനും അമ്മയും രാമു വരുന്നതും കാത്ത് ........................... മുൻവശത്തുതന്നെ കാത്തുനില്പുണ്ടായിരു ന്നു. ............................... അവൻ വൈകാനുണ്ടായ കാര്യം പറ ഞ്ഞപ്പോൾ അച്ഛൻ രാമുവിനെ ഉപദേശിച്ചു. 'സ്കൂൾ വിട്ടാലു ടൻ ............................... എത്തണം. ഇനി ഇത് ആവർത്തിക്ക രുത്'.

4. 1. കൃഷ്ണന്റേയും കുചേലന്റേയും ഗുരു സന്ദീപനി മഹർഷി യായിരുന്നു.
   2. ഗുരുപത്നിയാണ് കൃഷ്ണനേയും കുചേലനേയും വനത്തി ലേയ്ക്ക് അയച്ചത്.
   3. വിറക് ശേഖരിക്കാനാണ് അവർ കാട്ടിൽ പോയത്.
   4. പെരുംകാട്ടിൽ പ്രവേശിച്ച് വിറകൊടിക്കുന്നതിനിടയിൽ സൂര്യ നസ്തമിച്ചു. പെട്ടെന്ന് കാറ്റ് വീശാനും മഴപെയ്യാനും തുട ങ്ങി. എങ്ങും കൂരിരുട്ടായി. കാറ്റും മഴയും ശമിക്കു മെന്നു കരുതിയാണ് അവർ ഒരു ഗുഹയിൽ ഒളിച്ചിരുന്നത്.
   5. കുട്ടികളെ കാട്ടിലയച്ചതിനാണ് മഹർഷി ഭാര്യയെ ശകാരി ച്ചത്.
   6. വഴി മദ്ധ്യേ ശിഷ്യരെ കണ്ടപ്പോൾ ഗുരു അതിരറ്റ വാത്സ ല്യത്തോടെ അവരെ ആശ്ലേഷിച്ച് അനുഗ്രഹിച്ചു.
5. 1. ആരെല്ലാമായിരുന്നു സഹപാഠികൾ ?
   2. വിറക് ഒടിക്കുന്നതിനിടയിൽ എന്താണ് സംഭവിച്ചത് ?
   3. ഗുരുവും പത്നിയും പരിഭ്രമിക്കാൻ കാരണമെന്ത് ?
   4. എവിടെയാണ് ഉദയസൂര്യന്റെ വെട്ടം കണ്ടത് ?
   5. ഗുഹയിലിരുന്ന് മടുത്ത കുട്ടികൾ എന്താണ് ചെയ്തത് ?
6. കാട്ടിലയച്ചതിന് - കാട്ടിൽ + അയച്ചതിന്
   അന്വേഷിച്ചിറങ്ങിയ - അന്വേഷിച്ച് + ഇറങ്ങിയ
   ഗുഹയിലിരുന്ന് - ഗുഹയിൽ + ഇരുന്ന്
7. ശിവൻ തലയിലണിഞ്ഞിരുന്ന ഒരു പുഷ്പമാണ് കേതകി. കേതകി എന്നാൽ കൈതപ്പൂവ് എന്നാണർത്ഥം. സുഗന്ധമുള്ള ഒരു പൂവാണിത്. ഇപ്പോൾ ആരും കൈതപ്പൂവിനെ പൂജയ്ക്കു



പോലും എടുക്കാറില്ല.

8. വലത്തോട്ട്
   1. മഴ
   2. ആന
   3. കടൽ
   6. തെങ്ങ്
   7. കടുവ
   8. പാൽ

കീഴോട്ട്
   1. മരം
   2. ആൽ
   3. കവുങ്ങ്
   4. പകൽ
   5. അവിൽ
   6. തെക്ക്

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. കുചേലനേയും ശ്രീകൃഷ്ണനേയും സന്ദീപനി മഹർഷി യേയും കാണാം. ഗുരുവിന്റെ കഴുത്തിലും കൈകളിലും രുദ്രാ ക്ഷമുണ്ട്. മുടിയും താടിയും നരച്ചതാണ്. രണ്ട് കെട്ട് വിറക് താഴെ ഇട്ടിരിക്കുന്നു.
2. 1-കൂരിരുട്ടായി, 2-ശേഖരണം, 3-പെരുങ്കാട്ടിൽ
3. മോഹം ഉള്ളിലൊതുക്കി അവൻ ഉറങ്ങാൻ കിടന്നു.
   ഉറക്കത്തിൽ ഒരു സ്വപ്നം അവനെ തേടിയെത്തി.
   അതാ പുകച്ചുരുളുകളിൽനിന്ന് ഒരു താടിക്കാരൻ പ്രത്യക്ഷപ്പെ ടുന്നു.
   ഒരു സ്വർണപ്പെൻസിൽ സമ്മാനിച്ച് അയാൾ അപ്രത്യക്ഷനാ യി.
   ചുമരിൽ സ്വർണപ്പെൻസിൽകൊണ്ട് ഒരു പൂച്ചയെ വരച്ചു.
   വരച്ചുതീരേണ്ട താമസം. പൂച്ച ചെവിയും വാലുമിളക്കി ചുമ രിൽ നിന്നു.

4. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
5. കണ്ടൻപൂച്ചയ്ക്ക് കൊതിമൂത്തപ്പോൾ അവൻ ഒരു സൂത്രം പ്രയോഗിച്ചു. അടുക്കളയുടെ പുറത്ത് പൈപ്പിൻചുവട്ടിൽ കൂട്ടി യിട്ടിരുന്ന പാത്രങ്ങളിൽതട്ടി ശബ്ദമുണ്ടാക്കിയപ്പോൾ അടുക്കള നോട്ടക്കാരി പുറത്തേക്ക് പാഞ്ഞുവന്നു. പാത്രങ്ങൾ ആരോ മോഷ്ടിക്കാൻ വന്നതാണെന്ന് അവർ കരുതി. തിരിച്ചു അടുക്ക ളയിൽ പോയി കോഴിയിറച്ചി മൂടി വച്ചിട്ട് അവർ പാത്രം കഴു കാൻ തുടങ്ങി. ആ തക്കംനോക്കി കണ്ടൻപൂച്ച അടുക്കളയിൽ കടന്നു.

## ബുദ്ധിമാനായ രാജാവ്

അഭ്യാസം 1, 4, 8 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

2. കൈക്കുഞ്ഞുങ്ങളുമായി - കൈക്കുഞ്ഞുങ്ങളും + ആയി
   കുഞ്ഞിനെയോർത്ത് - കുഞ്ഞിനെ + ഓർത്ത്
   രാജാവിനുണ്ടെന്നറിഞ്ഞ് - രാജാവിന് + ഉണ്ടെന്നറിഞ്ഞ്
   കൊല്ലേണ്ടതില്ല - കൊല്ലേണ്ടത് + ഇല്ല
3. രാജാവ് :- ജീവനുള്ള കുഞ്ഞിനെ രണ്ടായി പകുത്ത് ഇരുവർക്കും കൊടുക്കുക.

   സ്ത്രീകളിലൊരാൾ:- യജമാനനേ കുട്ടിയെ കൊല്ലരുത്.

   സ്ത്രീകളിൽ മറ്റെയാൾ:- കുട്ടിയെ എനിക്കും വേണ്ട, നിനക്കും വേണ്ടാ; അവനെ വിഭജിക്കുക.

   രാജാവ് :- ജീവനുള്ള ശിശുവിനെ ആദ്യത്തെ സ്ത്രീക്കു കൊടു ക്കുക. ശിശുവിനെ കൊല്ലേണ്ടതില്ല. അവളാണ് അതിന്റെ അമ്മ.
5. 1. ഇസ്രായേൽ രാജ്യത്തെ രാജാവായിരുന്നു സോളമൻ.
   2. ജീവനുള്ള കുഞ്ഞിനെച്ചൊല്ലിയാണ് അവർ തർക്കിച്ചത്.
   3. "ജീവനുള്ള കുഞ്ഞിനെ രണ്ടായിപ്പകുത്ത് ഇരുവർക്കും കൊടുക്കുക." ഇതാണ് വാളുമായി വന്ന സേവനകനോട് രാജാവ് കല്പിച്ചത്.
   4. "യജമാനനെ, കുട്ടിയെ കൊല്ലരുത്. അവനെ മറ്റേ സ്ത്രീക്ക് ജീവനോടെ കൊടുത്തു കൊള്ളുക." ഇതാണ് ആദ്യത്തെ സ്ത്രീ രാജാവിനോട് അപേക്ഷിച്ചത്.
   5. കുട്ടിയെ കൊല്ലരുതെന്ന് അപേക്ഷിച്ച സ്ത്രീയുടെ സ്വരം യഥാർഥ അമ്മയുടേതാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് സത്യം മനസ്സിലാക്കാൻ രാജാവിനു കഴിഞ്ഞത്.
   6. കുഞ്ഞുങ്ങളിൽ ഒന്നിന് ജീവനില്ലായിരുന്നു.
6. 1. ഇസ്രായേൽ രാജ്യത്തെ രാജാവ് ആരായിരുന്നു ?
   2. കൈക്കുഞ്ഞുങ്ങളുമായി രാജസന്നിധിയിലെത്തിയത് ആര്?
   3. തർക്കം മൂത്തപ്പോൾ രാജാവ് കല്പിച്ചതെന്ത് ?
   4. സ്ത്രീകളിലൊരാൾ ഹൃദയം നീറി പറഞ്ഞതെന്ത് ?
   5. ഇസ്രായേൽ ജനം രാജാവിനോട് ഭയഭക്തിയുള്ളവരായി ത്തീർന്നത് എന്തുകൊണ്ട് ?
7. രാജാവ് വാൾ കൊണ്ടുവരാൻ കല്പിച്ചു. ........................... എത്തിയ ഭൃത്യനോട് കുഞ്ഞിനെ രണ്ടായി മുറിക്കാൻ ........................... ആജ്ഞാപിച്ചു. ...................... ഉയർത്തിയ ഭൃത്യന്റെ നേരെ നോക്കി സ്ത്രീകളിലൊരാൾ നിലവിളിച്ചുകൊണ്ടു പറഞ്ഞു. 'യജമാന നെ, കുട്ടിയെ കൊല്ലരുത്. അവൾക്ക് അവനെ ജീവനോടെ കൊടു ത്തുകൊൾക'. ...................... സത്യത്തിന്റെ സ്വരം മനസ്സിലായി. ........................ ഉറയിലിടാൻ ഭൃത്യനോട് ........................ കല്പിച്ചു.
9. ഉച്ചത്തിലുള്ള കരച്ചിൽ കേട്ട് കൊച്ചു നീലാണ്ടന്റെ അച്ഛനുമമ്മ യും അവിടേയ്ക്ക് പാഞ്ഞെത്തി . അച്ഛൻ വളരെ പാടുപെട്ട് അവനെ കരയ്ക്കു കയറ്റി. അപ്പോഴേയ്ക്കും അവന്റെ ദേഹം മുഴുവൻ ഉരഞ്ഞ് ചോര ഒലിക്കുന്നുണ്ടായിരുന്നു. അമ്മ അവനെ തഴുകി ആശ്വസിപ്പിച്ചു .
10. വലത്തോട്ട്
   1. പുഴ
   2. പന
   4. ജയം
   8. അരുവി

   താഴോട്ട്
   1. പുര
   3. നവമ്പർ
   4. ജലം

5. പുക

6. തെങ്ങ്

7. കുരു

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. രാജാവ് സിംഹാസനത്തിൽ ഇരിക്കുന്നു. ഒരു കുഞ്ഞിനെ താഴെ കിടത്തിയിരിക്കുന്നു. ഒരു ഭടൻ വാളോങ്ങി നിൽക്കുന്നു. രണ്ടു സ്ത്രീകൾ കുഞ്ഞിനരികെ നിൽക്കുന്നു. രണ്ടുപേർക്കും ശിരോവസ്ത്രമുണ്ട്.

2. ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു സ്ത്രീ ജീവിച്ചിരുന്നു.

   മക്കളെല്ലാം വളർന്നു വലുതായി അകലെയുള്ള സ്ഥലത്തിൽ ജോലി നേടി.

   ആ സ്ത്രീ വീട്ടിൽ തനിച്ചായി.

   നിങ്ങൾ വിഷമിക്കേണ്ട, കള്ളൻമാർ വരുമ്പോൾ വിളിച്ചുകൂവിയാൽ ഞങ്ങൾ ഓടിയെത്താം.

   ഒരു രാത്രി അയൽക്കാരെ പരീക്ഷിക്കാൻ അവർ വെറുതെ വിളിച്ചുകൂവി.

   നിങ്ങൾ സഹായത്തിനെത്തുമോയെന്ന് ഞാൻ പരീക്ഷിക്കുകയായിരുന്നു.

3. രണ്ടാമൻ : രാജാവിന്റെ കല്പനകേട്ട് ഞാൻ ഞെട്ടിപ്പോയി.

   ഒന്നാമൻ : ആദ്യം പരിഭ്രമിച്ചെങ്കിലും പിന്നീട് സത്യം കണ്ടെത്താനാണ് ആ കല്പനയെന്ന് മനസ്സിലായി.

   രണ്ടാമൻ : ഏതായാലും കുഞ്ഞ് രക്ഷപ്പെട്ടല്ലൊ.

   ഒന്നാമൻ : സത്യമെ ജയിക്കൂ. അതിനാലാണ് കുഞ്ഞ് രക്ഷപ്പെട്ടത്.

   രണ്ടാമൻ : സോളമൻ രാജാവിന്റെ നാട്ടിൽ സത്യമേ നടക്കൂ.

   ഒന്നാമൻ : ഭരണം നടത്തുന്നവർക്ക് ബുദ്ധിയും നീതിബോധവും വേണം.

   രണ്ടാമൻ : അക്കാര്യത്തിൽ ഈ രാജ്യവും ഇവിടുത്തെ ആളുകളും ഭാഗ്യവാൻമാരാണ്.

4. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.



അഭ്യാസം 1, 2, 5, 8 എന്നീ പ്രവർത്തനങ്ങളിൽ പഠിതാക്കൾ സ്വയം ഏർപ്പെടാനുള്ള സാഹചര്യമൊരുക്കുക മാത്രമേ അധ്യാപിക / അധ്യാപകൻ ചെയ്യേണ്ടതുള്ളൂ.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   കുഞ്ഞായിരിക്കുമ്പോൾ തന്നെ പരിശീലിക്കേണ്ട ഒരു ഗുണമാണ് സത്യം പറയുക എന്നത്. തലപോയാലും ................. പറയണം എന്നാണ് പഴമൊഴി. ......................... അടിയുറച്ചവൻ ഒന്നിലും പതറുകയില്ല. .......................... നിലനില്ക്കൂ.

4. ശതം, സഹസ്രം

6. 1. പണമാണ് മനുഷ്യന് തൃപ്തിയാകാത്തത്.
   2. ഇല്ലാത്തവന് ദാനം ചെയ്യാൻ പണക്കാർ മടിക്കുന്നു.
   3. ചത്തുപോം നേരം വസ്ത്രമതുപോലു–

      മെത്തിടാ കൊണ്ടുപോകാനൊരുത്തർക്കും.
   4. പണം നേടണമെന്ന ആഗ്രഹം മൂലമാണ് സത്യത്തെ ഉപേക്ഷിക്കുന്നത്.
   5. സത്യം തന്നെയാണ് ഈശ്വരനെന്ന് നല്ലയാളുകൾ ചിന്തിക്കുന്നു.

7. മനസ്സും ശരീരവും വൃത്തികേടാക്കി, പണം ആവശ്യമില്ലാതെ ചെലവഴിച്ച് എത്രയെത്ര ആളുകളാണ് നശിച്ചുകൊണ്ടിരിക്കുന്നത്. പണം എത്ര കിട്ടിയാലും ആർക്കും തൃപ്തിയാകില്ല. പത്തു കിട്ടിയാൽ നൂറുണ്ടാക്കണമെന്നും നൂറായാൽ ആയിരമാക്കണമെന്നും ആയിരത്തെ പതിനായിരത്തിലെത്തിക്കണമെന്നുമാണ് അത്യാഗ്രഹിയായ മനുഷ്യന്റെ ആഗ്രഹം. നല്ലയാളുകൾ വല്ലതും യാചിച്ചാൽ ചില ദുഷ്ടന്മാർ കൊടുക്കാൻ മടിക്കുന്നു. ചത്തുപോകുമ്പോൾ ഉടുതുണിപോലും കൊണ്ടുപോകാൻ കഴിയില്ല. പണക്കാർക്ക് വിശ്വാസവഞ്ചന ചെയ്യാനും മടിയില്ല. പശ്ചാത്തപിക്കുകയുമില്ല. ധനക്കൊതിയുള്ളവർക്ക് ഒരിക്കലും സത്യമായി പെരുമാറാൻ കഴിയില്ല. സത്യമാണ് ബ്രഹ്മമെന്ന് സജ്ജനങ്ങൾ നന്നായറിയുന്നു.

9. നിത്യവും സ്നേഹം പുലർത്തണം

   നിത്യവും സൗഹൃദം കാക്കണം.

   നിത്യവും വിനയം കാട്ടണം.

നിത്യവും നേരിൽ വളരണം.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. തുറന്നിരിക്കുന്ന പെട്ടിയിൽ നിറയെ പണമുണ്ട്. നാല് കിഴികളിൽ പണം കെട്ടിവച്ചിരിക്കുന്നു. ആഭരണങ്ങളും ചിത്രത്തിൽ കാണാം. സമ്പാദിച്ചതൊക്കെ വിട്ട് മരണപ്പെട്ടുപോകുന്ന മനുഷ്യനേയും കാണാം.
2. പാശം - കയർ, വിത്തം - സമ്പത്ത്, ഇരക്കുക - യാചിക്കുക, ഹേതു - കാരണം, അർത്ഥം - ധനം, വൃത്തി - വെടിപ്പ്
3. കിട്ടുന്ന പണം അനാവശ്യത്തിനായി ചെലവിടരുത്. അത്യാഗ്രഹം പാടില്ല. അർഹിക്കുന്നവരെ സഹായിക്കണം. നമ്മൾ ചെയ്തത് തെറ്റാണെന്നറിഞ്ഞാൽ പശ്ചാത്തപിക്കണം. എപ്പോഴും സത്യം മാത്രമേ പറയാവൂ.
4. അർത്ഥമെത്ര വളരെയുണ്ടായാലും

   തൃപ്തിയാകാ മനസ്സിന്നൊരു കാലം.
5. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.